# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ കെടിഎം പി 10 /1761/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ കെടിഎം പി 10 /1761/2023 തീയ്യതി: 12/12/2023

## കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 05-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ
ശ്രീ രാജേഷ് എം. ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം. എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ. എൻ. സുവർണകുമാരി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| രഞ്ജൻ റ്റി. | സെക്രട്ടറി | 01-04-2022 | 13-09-2022 |
| ജസിയ ബീവി എം. എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-09-2022 | 25-10-2022 |
| അനിത എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2022 | 31-10-2022 |
| ദീപ എം. കുര്യാക്കോസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2022 | 15-01-2023 |
| രഞ്ജൻ റ്റി. | സെക്രട്ടറി | 16-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| റസിയ എ. സലാം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അഞ്ജു ശേഖർ | വെറ്റിനറി സർജൻ | 01-04-2022 | 27-09-2022 |
| ഡോ. സ്റ്റെല്ല സണ്ണി | വെറ്റിനറി സർജൻ | 28-09-2022 | 31-03-2023 |
| ഡോ. ഷീജാ ഫിലിപ്പ് | മെഡിക്കൽ ഓഫീസർ(PHC) | 01-04-2022 | 31-03-2023 |
| ഡോ. ദിവ്യ ദിവാകർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 03-09-2022 |
| ഡോ. സ്മിത എം. നായർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 04-09-2022 | 13-12-2022 |
| ഡോ. ശാന്തി മറിയം ജോസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 14-12-2022 | 31-03-2023 |
| ഡോ. ഷേർലി ദിവാനി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 01-04-2022 |
| ഡോ. ലക്ഷ്മി മോഹൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 02-04-2022 | 31-03-2023 |
| അസീന എ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(തൃക്കൊടിത്താനം) | 01-04-2022 | 16-09-2022 |
| സ്നേഹ വിശ്വനാഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കോട്ടമുറി) | 05-05-2022 | 19-11-2022 |
| അജിത്ത് കുമാർ വി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(തൃക്കൊടിത്താനം & കോട്ടമുറി) | 22-11-2022 | 31-03-2023 |
| ദീപ്തി വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| എസ്. പ്രകാശ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ആഷ സൂസൻ എബ്രഹാം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 20-05-2022 |
| ആശ രാജ് ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ ചാർജ്) | 21-05-2022 | 26-07-2022 |
| മരിയ തെരേസ കുര്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-07-2022 | 01-01-2023 |

| | | | |
|---|---|---|---|
| ജിതിൻ ബോസ് | അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ ചാർജ്) | 02-01-2023 | 16-02-2023 |
| മരിയ തെരേസ കുര്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 17-02-2023 | 31-03-2023 |
| ജയലക്ഷ്മി എൻ. | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2022 | 31-07-2022 |
| ദിവ്യ എസ്. | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-08-2022 | 31-03-2023 |
| പ്രീതി സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ജസിയ ബീവി എം. എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| ദീപ എം. കുര്യാക്കോസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-4 |
| 6 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-5 |
| 7 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല | 1-1-6 |
| 8 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | തൊഴിൽ നികുതി അക്രുവൽ എൻട്രി-വരവ് എന്നിവ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല | 1-1-9 |
| 11 | റോഡ് കട്ടിങ്ങ് ചാർജ് പല ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തു | 1-1-10 |
| 12 | OFC പോളുകളുടെ തൻവർഷ വാടക ഡിമാന്റ് കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്തു | 1-1-11 |
| 13 | ലേലം ഉറപ്പിച്ച ശേഷം ലേലം കൊണ്ടയാളുടെ EMD തുക വരവായി ക്രമീകരിച്ചില്ല | 1-1-12 |
| 14 | ഒരേ ഇനത്തിൽ ലഭിച്ച വരുമാനം വ്യത്യസ്ത ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തു | 1-1-13 |
| 15 | Prior Period ആയി ക്രമീകരിച്ച വരവ്-ചെലവുകളുടെ ആധികാരികത വ്യക്തമല്ല | 1-1-14 |
| 16 | റിഡംപ്ഷൻ തുകയുടെ കൃത്യത വ്യക്തമല്ല | 1-1-15 |
| 17 | കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-16 |
| 18 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-17 |
| 19 | തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് നേരിട്ടുള്ള ചെലവായി അക്കൗണ്ട് ചെയ്യുന്നില്ല | 1-1-18 |
| 20 | KURDFC വായ്പ മുന്നിരിപ്പിൽ അപാകത | 1-1-19 |
| 21 | ബാങ്ക് അക്കൗണ്ടിന്റെ വിശദാംശവും ഇടപാടുകളുടെ ആധികാരികതയും വ്യക്തമല്ല | 1-1-20 |
| 22 | തൊഴിൽ നികുതി ഓഡിറ്റ് റിക്കവറിയായി ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു | 1-1-21 |
| 23 | ബജറ്റ്-വിശകലനം | 1-2 |
| 24 | സാമ്പത്തിക വിശകലനം | 1-3 |
| 25 | ഗ്രാന്റ് വിനിയോഗം | 1-4 |
| 26 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 27 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 28 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 29 | കാഷ് ബാലൻസ് പരിശോധന | 1-8 |
| 30 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 32 | മാന്വൽ രസീത് ബുക്കുകളുടെ ഉപയോഗത്തിൽ അപാകത | 1-11 |

| | | |
|---|---|---|
| 33 | മരാമത്ത് പ്രവൃത്തികളുടെ ടെന്റർ ഫോറം വില-GST അടവാക്കിയില്ല | 1-12 |
| 34 | ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം | 1-13 |
| 35 | 7.16 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു | 1-14 |
| 36 | വസ്തുനികുതി നിർണ്ണയത്തിൽ മേൽത്തരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് കണക്കാക്കിയില്ല | 1-15 |
| 37 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം | 1-16 |
| 38 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-17 |
| 39 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റിൽ അപാകത | 1-18 |
| 40 | തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-19 |
| 41 | കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-20 |
| 42 | പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-21 |
| 43 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക - പൊതു അപാകതകൾ | 1-22 |
| 44 | OFC പോളുകൾക്ക് വാടക ഈടാക്കുന്നതിന് നിയമാനുസൃത കരാർ ചമച്ചിട്ടില്ല | 1-23 |
| 45 | ട്രേഡർമാരുടെ ലൈസൻസ് /തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല | 1-24 |
| 46 | റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത-3.8 ലക്ഷം രൂപയുടെ നഷ്ടം | 1-25 |
| 47 | ബാഡ്മിന്റൺ ഇൻഡോർ സ്റ്റേഡിയം വരവുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകത | 1-26 |
| 48 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അധിക വിഭവ സമാഹരണം | 1-27 |
| 49 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിക്കുന്നില്ല | 1-28 |
| 50 | സ്ഥിര നിക്ഷേപമാക്കാനായി പിൻവലിച്ച തുക സ്ഥിര നിക്ഷേപമാക്കിയില്ല | 1-29 |
| 51 | അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തെ പ്രവൃത്തി നേരിട്ട് ഏൽപ്പിച്ചു | 1-30 |
| 52 | തൊഴിലുറപ്പിന് മുൻകൂർ - 21.6 ലക്ഷം രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു- കണക്കിലും അപാകത | 1-31 |
| 53 | 3.86 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാതെ നിരവധി വർഷങ്ങളായി തുടരുന്നു | 1-32 |
| 54 | ബിറ്റുമിൻ അധിക വില കണക്കാക്കിയതിൽ അപാകം- പഞ്ചായത്തിന് 261929/- രൂപയുടെ അധികച്ചെലവ് | 1-33 |
| 55 | ഉറവിടമാലിന്യസംസ്കരണം പഞ്ചായത്തിന് 463380/- രൂപ ബാധ്യത | 1-34 |
| 56 | തൊഴിൽരഹിത വേതനം -അനർഹരായവർക്ക് തുക നല്കി | 1-35 |
| 57 | പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-36 |
| 58 | പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക | 1-37 |
| 59 | ലൈഫ് ഭവനപദ്ധതി- അവലോകനം | 1-38 |
| 60 | മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങൽ-432529 രൂപയ്ക്കുള്ള മരുന്നുകൾ / ഉപകരണങ്ങൾ ലഭിക്കാനവശേഷിക്കുന്നു | 1-39 |
| 61 | കുട്ടികൾക്ക് നീന്തൽ പരിശീലനം-തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-40 |
| 62 | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-41 |
| 63 | അങ്കണവാടി കെട്ടിടങ്ങളുടെ വാടക- വികസനഫണ്ട് ചെലവഴിച്ചു | 1-42 |

| | | |
|---|---|---|
| 64 | അങ്കണവാടി നിർമ്മാണം-തുടർനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല | 1-43 |
| 65 | കൊക്കോട്ടുചിറയിൽ സോളാർ പദ്ധതി -തുടർനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല | 1-44 |
| 66 | ആസ്തി രജിസ്റ്റർ കാലികമാക്കൽ -തുടർനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല | 1-45 |
| 67 | തെരുവു വിളക്ക പരിപാലനം അപാകതകൾ-വിശദീകരണം ലഭ്യമാക്കിയിട്ടില്ല | 1-46 |
| 68 | മാലിന്യ സംസ്കരണം സജീവമാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ പ്രായോഗിക തലത്തിൽ എത്തിയിട്ടില്ല | 1-47 |
| 69 | ഹോമിയോ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു | 1-48 |
| 70 | കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-49 |
| 71 | ഗ്രാന്റ് തിരിച്ചടവ് തനത് ഫണ്ടിൽ നിന്ന് അടവാക്കി-ഗ്രാന്റ് തുക ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു | 1-50 |
| 72 | ലൈഫ് മിഷൻ വായ്പ-3 ലക്ഷം രൂപ ചെലവഴിക്കാതെ ദീർഘകാലം ബാങ്കിൽ സൂക്ഷിക്കുന്നു | 1-51 |
| ഭാഗം **2** | | |
| 1 | റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത-3.8 ലക്ഷം രൂപയുടെ നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | ബിറ്റുമിൻ അധിക വില കണക്കാക്കിയതിൽ അപാകം- പഞ്ചായത്തിന് 261929/- രൂപയുടെ അധികച്ചെലവ് | 3-1 |
| 2 | തൊഴിൽരഹിത വേതനം -അനർഹരായവർക്ക് തുക നല്കി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26/07/2023 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 27/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണമായി ജില്ല പഞ്ചായത്ത് വിഹിതം 544,876/- രൂപ വിനിയോഗിച്ച് പ്രോജക്ട് നം.51/23 പ്രകാരം സ്കൂളിൽ അടുക്കള നിർമ്മാണത്തിന്റെ ചെലവ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-4 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും/ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിന് വ്യക്തതയില്ല.

1-1-5 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

1-1-6 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 43.27 ലക്ഷം രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല.

1-1-7 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

1-1-8 അക്രൂവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകളായ കെട്ടിട വാടക, തൊഴിൽ നികുതി(സ്ഥാപനം, ട്രേഡർ, ലൈസൻസ്) എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി വരവുകളുടെ ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-9 തൊഴിൽ നികുതി അക്രൂവൽ എൻട്രി-വരവ് എന്നിവ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല

ട്രേഡർ, സ്ഥാപനം എന്നിവയുടെ തൊഴിൽ നികുതി ഡിമാന്റ് ഒടുക്ക് എന്നിവ കൃത്യമായ അക്രൂവൽ ആസ്തി ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ട്രേഡർ, സ്ഥാപനം, പ്രോഫഷണൽ എന്നിങ്ങനെ ക്രമരഹിതമായി നികുതി ഒടുക്ക് അക്കൗണ്ട് ചെയ്തിരിക്കുന്നു.

1-1-10 റോഡ് കട്ടിങ്ങ് ചാർജ് പല ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തു

റോഡ് കട്ടിങ്ങ് ചാർജ് ആയി ലഭിക്കുന്ന തുക പല ശീർഷകങ്ങളിലായി അക്കൗണ്ട് ചെയ്തിരിക്കുന്നു. Other Rent ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു.

1-1-11 OFC പോളുകളുടെ തൻവർഷ വാടക ഡിമാന്റ് കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്തു

2022-23 വർഷത്തെ OFC പോൾ വാടക 47,640/-രൂപ കെട്ടിട വാടക കുടിശ്ശികയായി അക്കൗണ്ട്സിൽ ഡിമാന്റ് ചെയ്തിരിക്കുന്നു. നടപ്പ് വർഷത്തെ വാടക ശീർഷകം തെറ്റായും കുടിശ്ശികയായിട്ടുമാണ് ഡിമാന്റ് അക്കൗണ്ട് ചെയ്തത്. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

1-1-12 ലേലം ഉറപ്പിച്ച ശേഷം ലേലം കൊണ്ടയാളുടെ EMD തുക വരവായി ക്രമീകരിച്ചില്ല

പഞ്ചായത്ത് ആറാം വാർഡ് മങ്കാല അങ്കണവാടിയിലെ ആസ്ബസ്റ്റോസ് ഷീറ്റ് ലേലം കൊണ്ട രാജൻ കെ. കെ., കരിമാങ്കൽ എന്ന വ്യക്തി Bidders EMD ആയി ഒടുക്കിയ 500/- രൂപ ലേലം വരവായി ക്രമീകരിച്ചില്ല. 3,900/- രൂപയുടെ ലേല വരവിൽ 3,400/- രൂപ മാത്രമാണ് ലേല വരവായി അക്കൗണ്ട് ചെയ്തത്. നിക്ഷേപങ്ങൾ കൃത്യമായി വരവായി

ക്രമീകരിക്കാതെ തുടരുന്നത് പഞ്ചായത്തിന് ലഭ്യമായ വരുമാനം ബാധ്യതയായി നിലനിൽക്കുന്ന അവസ്ഥയുണ്ടാക്കുന്നു.

1-1-13 ഒരേ ഇനത്തിൽ ലഭിച്ച വരുമാനം വ്യത്യസ്ത ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തു

ഒരേ ഇനത്തിൽ ലഭിച്ച വരുമാനമായ കാലിബാരൽ വില 150120102, 150300101 എന്നീ രണ്ട് ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

1-1-14 Prior Period ആയി ക്രമീകരിച്ച വരവ്-ചെലവുകളുടെ ആധികാരികത വ്യക്തമല്ല

മുൻവർഷ ചെലവായി ക്രമീകരിക്കപ്പെട്ട 1,687,455/- രൂപയുടെയും മുൻവർഷ വരവായി ക്രമീകരിക്കപ്പെട്ട 5,093,122/- രൂപയുടെയും ആധികാരിത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-1-15 റിഡംപ്ഷൻ തുകയുടെ കൃത്യത വ്യക്തമല്ല

സർക്കാർ റിക്കവർ ചെയ്ത തിരിച്ച് ലഭിക്കാത്ത തുകയുൾപ്പടെ റിഡംപ്ഷനായി അക്കൗണ്ട് ചെയ്തിരിക്കുന്നു. റിഡംപ്ഷൻ ശീർഷകത്തിൽ 31/03/2023 ലെ നീക്കിയിരിപ്പിന്റെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-16 കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

KSEB യിൽ 280/23 നം. പ്രോജക്ട് പ്രകാരം നിക്ഷേപിച്ച 133,805/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ ടി നിക്ഷേപം 31/03/2023 ലെ ബാലൻസ് ഷീറ്റിൽ നിക്ഷേപമായി പ്രതിഫലിച്ചിട്ടില്ല.

1-1-17 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

തൊഴിലുറപ്പ് മിഷനിൽ 282/23 നം. പ്രോജക്ട് പ്രകാരം നിക്ഷേപിച്ച 4 ലക്ഷം രൂപയിൽ തനത് ഫണ്ടിൽ നിന്നുള്ള 2 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല.

1-1-18 തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് നേരിട്ടുള്ള ചെലവായി അക്കൗണ്ട് ചെയ്യുന്നില്ല

തൊഴിലുറപ്പിന് മുൻകൂർ നൽകുന്നത് 460500801 ശീർഷകത്തിൽ ചെലവായി അക്കൗണ്ട് ചെയ്യുന്നില്ല. മുൻകൂറായി നൽകുന്ന തുക ജേർണൽ വൗച്ചറിലൂടെ Payable ആയി മാറ്റിയ ശേഷമാണ് ചെലവ് അക്കൗണ്ട് ചെയ്യുന്നത്. മുൻകൂറുകൾ നൽകുന്നത് നേരിട്ടുള്ള ചെലവായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

1-1-19 KURDFC വായ്പ മുന്നിരിപ്പിൽ അപാകത

KURDFC വായ്പ തുകയിൽ മുന്നിരിപ്പിൽ 20,467/- രൂപയുടെ വ്യത്യാസം കാണുന്നു. 20,467/- രൂപ 2021-22 വർഷം വായ്പ തിരിച്ചടവ് തെറ്റായി അക്കൗണ്ട് ചെയ്യപ്പെട്ടതിനാലാണ് പ്രസ്തുത വ്യത്യാസം തൻവർഷവും തുടരുന്നത്. വായ്പ തുക തൻവർഷം കൃത്യമാക്കേണ്ടതാണ്.

1-1-20 ബാങ്ക് അക്കൗണ്ടിന്റെ വിശദാംശവും ഇടപാടുകളുടെ ആധികാരികതയും വ്യക്തമല്ല

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം 450210102-Co-Operative Bank Account Of Own Revenue Fund ശീർഷകത്തിൽ 53,887/- രൂപയുടെ നീക്കിയിരിപ്പ് കാണുന്നു. എന്നാൽ പ്രസ്തുത ശീർഷകം പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് നിലവിലുള്ളതായി ബാങ്ക് രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. ടി ശീർഷകത്തിലെ ഇടപാടുകളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. അക്കൗണ്ട് നമ്പർ ഇല്ലാതെ ബാങ്ക് അക്കൗണ്ട് ശീർഷകം നിലനിൽക്കുന്നതിന്റെ വിവരവും ലഭ്യമല്ല.

1-1-21 തൊഴിൽ നികുതി ഓഡിറ്റ് റിക്കവറിയായി ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു

തൊഴിൽ നികുതിയിനത്തിലുള്ള 500/- രൂപ ഓഡിറ്റ് റിക്കവറി 350400999 എന്ന ബാധ്യത ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. തൊഴിൽ നികുതിയിനത്തിലുള്ള 500/- രൂപ വരുമാനമായതിനാൽ Prior Period Tax റവന്യൂ ശീർഷകത്തിലേക്ക് ക്രമീകരിക്കേണ്ടതാണ്.

1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.03.2022ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24.03.2023 -ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-ചെലവ് കണക്കുകളിൽ വ്യത്യാസമുണ്ട്. മുന്നിരിപ്പ് ആദ്യം അവതരിപ്പിച്ച ബജറ്റിനെക്കാൾ മൂന്നിരട്ടി കൂടുതൽആണ്.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |

| | | |
|---|---|---|
| മുന്നിരിപ്പ് | 30476774 | 92343367 |
| വരവ് | 210859698 | 98111000 |
| ആകെ | 241336472 | 190454367 |
| ചെലവ് | 236436000 | 187761000 |
| നീക്കിയിരിപ്പ് | 4900472 | 2693367 |

ബജറ്റ് പ്രകാരം 9.23 കോടി രൂപ വരവും 1.87 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 16.26 കോടി രൂപയും ചെലവ് 15.76 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2022-23

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 14,603,972/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 86,842,294/- |
| ആകെ | 101,446,266/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 75,258,212/- |
| നീക്കിയിരിപ്പ് (31/03/2023) | 26,188,054/- |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2022-23

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 162,675,183/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 157,644,981/- |
| പ്രവർത്തന മിച്ചം(Gross Surplus) | 5,030,202/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 3,405,667/- |
| അറ്റ പ്രവർത്തനമിച്ചം(Net Surplus) | 8,435,869/- |

2022-23 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | 380,375/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | 264,569/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,360,467/- |

## 1-4 ഗ്രാന്റ് വിനിയോഗം

തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | $ 23193720 | 23193720 | 21688633 | 1505087 | 94 |
| വികസന ഫണ്ട്-SCP | 0 | 7934000 | 7934000 | 7176480 | 757520 | 90 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 3628604 | @ 3771565 | 2543673 | 1227892 | 68 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 2423373 | 7294226 | *9717599 | 2744456 | 6973143 | 28 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 17759000 | 17759000 | 7877773 | 9881227 | 45 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 8114000 | 8114000 | 5898475 | 2215525 | 73 |
| National Health Mission(NHM) ഫണ്ട് Diagnostic Purposes& Infrastructure Development | 0 | 206447 | 206447 | 204277 | 2170 | |
| ആരോഗ്യ ഗ്രാന്റ്(പി.എച്ച്.സി കളുടെ നവീകരണത്തിനുള്ള തുക) | 0 | 110464 | 110464 | 109224 | 1240 | |
| ഐ.സി.ഡി.എസ് | 1143755 | 1518144 | 2661899 | 900514 | #1761385 | |
| ശുചിത്വമിഷൻ | 3497993 | --- | 3497993 | 3199288 | 298705 | |
| സമ്പൂർണ്ണശുചിത്വം | 196518 | ---- | 196518 | --- | 196518 | |

ജി.ഒ പ്രോജക്ട് പ്രകാരം അടവാക്കിയ തുക

ലൈഫ് ഭവനപദ്ധതി ജനറൽ-വായ്പാ തിരിച്ചടവ്

| പ്രോജക്ട് നം. | തുക |
|---|---|
| 346/23 | 496000 |
| 348/23 | 237814 |
| 361/23 | 734215 |
| ആകെ | 1468029 |

അങ്കണവാടി-അധികവേതനം

| പ്രോജക്ട് നം. | തുക |
|---|---|
| 345/23 | 496400 |
| 350/23 | 496400 |
| 360/23 | 496400 |
| ആകെ | 1489200 |

ലൈഫ് പദ്ധതി-എസ് സി പി ഫണ്ട് വായ്പാ തിരിച്ചടവ്

| പ്രോജക്ട് നം. | തുക |
|---|---|
| 349/23 | 282938 |
| 362/23 | 282938 |

| | |
|---|---|
| ആകെ | 565876 |

1. * ധനകാര്യകമ്മീഷൻഗ്രാന്റ്-Untied-മുന്നിരിപ്പ് ഇല്ല, പലിശ(142961) ട്രഷറി വരവ് (229604), ബാങ്കിലെ വരവ് (1699500, 1699500) എന്നിവ ഉൾപ്പെടെ ആണ്. ചെലവ് തുകയിലെ 2447973 രൂപ ബാങ്കിൽ വരവുവന്ന തുകയുടെത് ആണ്. ട്രഷറി വരവ് 95700/- രൂപ ചെലവഴിച്ചു. 133904 രൂപ ലാപ്സായി. 1093988 രൂപ ബാങ്കിൽ അവശേഷിയ്ക്കുന്നു.
2. ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied-മുന്നിരിപ്പ്(2423373), ബാങ്കിലെ വരവ്(2549000, 2549000)ട്രഷറി വരവ്(2196226) എന്നിവ ഉൾപ്പെടെ ആണ്. ചെലവ് തുകയിലെ 2193988 രൂപ ബാങ്കിൽ വരവുവന്ന തുകയുടേത് ആണ്. ട്രഷറി വരവ് 1645758 രൂപ ലാപ്സായി. 5327385 രൂപ ബാങ്കിൽ ശേഷിയ്ക്കുന്നു.

3. നികുതി പിരിവ് പൂർണ്ണം ആകാത്തതിനാൽ 1% ലാപ്സ് ആയി (2.3 ലക്ഷം)

4. 1180/- രൂപ B4 പടടികയുമായി നീക്കിയിരുപ്പിൽ വന്ന വ്യത്യാസം വിശദീകരിച്ചിട്ടില്ല.
5. ആരോഗ്യ ഗ്രാന്റ് (പി.എച്ച്.സി നവീകരണം) പലിശ 1230/- രൂപ വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

6. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്റ്റായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷിക പദ്ധതി അവലോകനം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23 )ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06.03.2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് അംഗീകരിച്ചു | 21.12.2021-ലെ 3(1)തീരുമാനങ്ങൾ<br>21.12.21ലെ 3(2)തീരുമാനങ്ങൾ |
| ആസൂത്രണസമിതിയോഗം | 12.01.2022 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 06.06.2022 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 10.05.2022മുതൽ |
| ഊരുകൂട്ടയോഗം | ---- |
| വികസനസെമിനാർ | 01.06.2022 |
| വികലാംഗഗ്രാമസഭ | -------- |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചു | 25.06.2022ലെ 1(1)തീരുമാനം |

2022-23 വർഷംവിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 2931750 | 2060695 | 71 |
| വെറ്ററിനറി സർജൻ | 11 | 10 | 3320000 | 2171000 | 66 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 10 | 10 | 3266447 | 3084473 | 95 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 230000 | 181045 | 79 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 1150000 | 1105757 | 97 |
| വി.ഇ.ഒ | 25 | 18 | 88668022 | 9040256 | 11 |
| ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 16 | 15 | 8537459 | 6837424 | 81 |
| സെക്രട്ടറി | 67 | 33 | 25169498 | 9162788 | 37 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 135 | 75 | 45329792 | 19058208 | 43 |
| ഹെഡ്മാസ്റ്റർ | 14 | 13 | 2968445 | 2771032 | 94 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2250000 | 1515364 | 68 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 14 | 5696970 | 3563514 | 63 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1156800 | 193036 | 17 |
| ആകെ | 317 | 208 | 190675183 | 60744862 | 32 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. 190675183/-രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 60744862 രൂപയാണ് ചെലവഴിക്കാനായത്.അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 135 പ്രോജക്ടുകളിൽ 75എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്.അസി.എഞ്ചിനീയർക്ക് 1.9കോടി രൂപ മാത്രമാണ് ചെലവഴിക്കാനായത്. *അനുവദിച്ച റോഡ് ഫണ്ടിൽ 98.81ലക്ഷം ലാപ്സായി.* എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതുവർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ 2022-23 വർഷം 14-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നു. പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും വിവിധ മേഖലകളിലെ വിദഗ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനവും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമായിരുന്നു. സ്ഥിര പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക്കുക എന്നുള്ളതാവും പതിനാലാം പദ്ധതിയുടെ പൊതു സമീപനം.ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുന്നേ തന്നെ കൈവരിക്കുന്നതിനും സംരഭകത്വം പരമാവധി പ്രോത്സാഹിപ്പിച്ച് തൊഴിൽ സാധ്യതകളും പൊതു സാമ്പത്തിക നിലയും അഭിവൃത്തിപ്പെടുത്തുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ഉത്പാദനവും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുക, സാമൂഹ്യനീതിയും ലിംഗ സമത്വവും ഉറപ്പാക്കുക എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. കുട്ടികളുടെ ആവശ്യങ്ങളെ ഗൗരവത്തോടെയും ബഹുമാനത്തോടെയും പരിഗണിക്കുന്നതിനും ബാലസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിന് വരുന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ ഗ്രാമപഞ്ചായത്തിൽ രൂപപ്പെട്ട് വരുന്ന വയോജന ഭിന്നശേഷി സൗഹൃദമായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സ്ഥാപന വൽകരിക്കുന്നതിനും വരുന്ന പദ്ധതിയിലൂടെ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്ന പശ്ചാത്തലത്തിൽ യോഗയ്ക്കുള്ള സർവ്വ ദേശീയ സ്വീകാര്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആയുഷ് വെൽനെസ് സെന്ററിലൂടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചു. ശുചിത്വമേറിയതും മാലിന്യമുക്തവുമായ ഗ്രാമസൃഷ്ടിക്ക് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നു.

ജൽജീവൻ മിഷൻ പദ്ധതി വഴി 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനും ലൈഫ് ഭവന പദ്ധതി വഴി എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യസാധ്യത്തിനും 14-ാം പഞ്ചവത്സര പദ്ധതി പ്രത്യേക

പരിഗണന നൽകുന്നതാണ്. ഗ്രാമീണ പാതകൾ മെച്ചപ്പെട്ട രീതിയിൽ സഞ്ചാരയോഗ്യമാക്കുന്നതും തെരുവുവിളക്കുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളായിരിക്കും. പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാനുതകുന്ന ദുരന്തനിവാരണ പദ്ധതിയും പദ്ധതിയുടെ ഊന്നലുകളിലുൾപ്പെടുന്നു.

പ്രോജക്റ്റുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്റ്റ് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ , വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

സമയബന്ധിതമായി പ്രോജക്റ്റുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 1.43കോടി രൂപ ലാപ്സായിട്ടുണ്ട്.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 23193720 | 21688633 | 1505087 |
| വികസന ഫണ്ട്-എസ്.സി.പി. | 7934000 | 7176480 | 757520 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 17759000 | 7877773 | 9881227 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 8114000 | 5898475 | 2215525 |
| | | | 1,43,59,359 |

1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 236 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 20 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 1382 കുടുബങ്ങൾക്ക് 67168 ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 213 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 162 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 162 പ്രവൃത്തികൾ പൂർത്തീകരിച്ചു. 67168 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 240 അയൽക്കൂട്ടങ്ങളിൽ 240 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | | 846.63 | |
|---|---|---|---|
| വരവ് | EFMS വരവ് | | 24857734 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | | 1081231 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 20860125 | 27017648 |
| | വിദഗ്ധതൊഴിലാളികളുടെ വേതനം | 1084230 | |
| | ഉപകരണങ്ങളുടെ വില, വാടക | 2913379 | |
| | ഭരണചെലവുകൾ(ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 2159914 | |
| | നീക്കിയിരുപ്പ് | 1082077.63 | 1082077.63 |

31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം21 ലക്ഷത്തിലധികം രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 35040 | 21 |
| വാർദ്ധക്യകാലപെൻഷൻ | 34022500 | 3432 |
| കർഷകതൊഴിലാളി പെൻഷൻ | 4052000 | 339 |
| വിധവാപെൻഷൻ | 13167000 | 1269 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 383400 | 37 |
| വികലാംഗപെൻഷൻ | 4074400 | 381 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷ്യർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 05/10/2023 തീയതിയിൽ 02:50 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 91,911/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2022-23 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല.

വാർഷികകണക്ക് അനുബന്ധ രജിസ്റ്ററുകൾ ഉൾപ്പെടെയുള്ള രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്സിൽ എല്ലാ പ്രൊക്യൂർമെന്റിലും എടുത്ത തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നത് തൃപ്തികരമല്ല. പ്രോജക്ടുകൾ മോണിട്ടറിംഗ് ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/09/2018 മുതൽ 22/09/2018 വരെ. | 2014-15 മുതൽ 2017-18 വരെ | LBA(HQ)II/I /08/A-102 /2018-19/223 |

## 1-11 മാന്വൽ രസീത് ബുക്കുകളുടെ ഉപയോഗത്തിൽ അപാകത

2022-23 വർഷം പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന് ഗുണഭോക്തൃ വിഹിതം പിരിക്കൽ, ടെന്റർ ഫോറവില, ഔട്ട് ഡോർ കളക്ഷൻ എന്നിവയ്ക്കായി രസീത് ബുക്കുകൾ മുഖേന പണം സ്വീകരിച്ചിട്ടുണ്ട്. രസീത് ബുക്കുകൾ കൈകാര്യം ചെയ്തതിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സാമ്പത്തിക വർഷാവസാനം എഴുതാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തുകയോ, പഞ്ചായത്ത് ഉപരിപരിശോധന നടത്തുകയോ ചെയ്യുന്നില്ല. കൃഷി ഓഫീസർക്ക് നൽകിയ 14627 നം. രസീത് ബുക്കിലെ 1 മുതൽ 24 വരെ രസീതുകൾ 2022-23 വർഷം എഴുതിയ ശേഷം വർഷാവസാനം ക്യാൻസൽ ചെയ്യാതെ 2023-24 വർഷത്തിലും 25 മുതൽ 100 വരെ രസീതുകൾ പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചിരിക്കുന്നു.
2. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്ക് നൽകിയ 14616 നം. രസീത് ബുക്ക് 1 മുതൽ 47 വരെ രസീതുകൾ പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചത് തീയതി രേഖപ്പെടുത്താതെയാണ് രസീത് നൽകിയത്. രസീത് കളക്ഷൻ പഞ്ചായത്ത് ഫണ്ടിലൊടുക്കിയത് കളക്ഷൻ സ്വീകരിച്ച തീയതിയിലാണോ എന്നതിന് വ്യക്തതയില്ല. 48 മുതൽ 100 വരെയുള്ള എഴുതാത്ത രസീതുകൾ ക്യാൻസൽ ചെയ്യാതെയാണ് ഓഡിറ്റിന് ഹാജരാക്കിയത്.
3. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ 14618 നം. രസീത് ബുക്കിൽ 1 മുതൽ 44 വരെയുള്ള രസീതുകൾ പ്രകാരമാണ് ടെന്റർ ഫോറവില സ്വീകരിച്ചത്. 1 മുതൽ 38 വരെയുള്ള രസീതുകൾ പ്രകാരം ടെന്റർ ഫോറവിലയും GST യും പ്രത്യേകം വേർതിരിച്ച് ചേർക്കാതെ മുഴുവൻ തുകയും ടെന്റർ ഫോറവിലയായിട്ടാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത്. 45 മുതൽ 100 വരെയുള്ള എഴുതാത്ത രസീതുകൾ ക്യാൻസൽ ചെയ്യാതെയാണ് ഓഡിറ്റിന് ഹാജരാക്കിയത്.
4. വെറ്റിനറി സർജൻ 14624 നം. രസീത് ബുക്ക് 35 മുതൽ 38 വരെ 4 രസീതുകൾ തീയതി രേഖപ്പെടുത്താതെയാണ് നൽകിയത്.
5. ബിജിമോൾ പി. എസ്. ക്ലാർക്കിന് നൽകിയ 14615 നം. രസീത് ബുക്കിലെ 1 മുതൽ 68 വരെയുള്ള രസീതുകൾ പ്രകാരമാണ് വസ്തുനികുതി സ്വീകരിച്ചത്. 69 മുതൽ 100 വരെയുള്ള എഴുതാത്ത രസീതുകൾ ക്യാൻസൽ ചെയ്യാതെയാണ് ഓഡിറ്റിന് ഹാജരാക്കിയത്.
6. നിർവ്വഹണ ഉദ്യോഗസ്ഥർ കളക്ഷൻ രജിസ്റ്ററിൽ സാമ്പത്തിക വർഷത്തെ വരവ് കണക്കുകൾ ഗുണഭോക്തൃ വിഹിതം ലഭ്യമായത് പ്രോജക്ട് തിരിച്ച് ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ സംഭവിച്ച മേൽ വിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2022-23/07.10.2023) നൽകിയതിന് എഴുതാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് ഹാജരാക്കി. അപാകതകൾ പരിഹരിക്കുമെന്നും മറുപടിയിൽ അറിയിച്ചു. രസീതുകളുടെ വിനിമയവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കേണ്ടതാണ്. രസീത് കളക്ഷൻ വിവരം ഓരോ സാമ്പത്തിക വർഷവും ഔട്ട് ഡോർ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-12 മരാമത്ത് പ്രവൃത്തികളുടെ ടെന്റർ ഫോറം വില-GST അടവാക്കിയില്ല

2022-23 വർഷം മരാമത്ത് പ്രവൃത്തികൾ ടെന്റർ ചെയ്തതിന് ടെന്റർ ഫോറം വില അസിസ്റ്റന്റ് എഞ്ചിനീയർ മാന്വൽ രസീത് മുഖേന സ്വീകരിച്ചിരുന്നു. എന്നാൽ ടെന്റർ ഫോറം വിലയുടെ 18% GST ആയി കരാറുകാരിൽ നിന്ന് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ടെന്റർ ഫോറം വില മാത്രം ഈടാക്കിയ രസീതുകളുടെ വിവരം അസിസ്റ്റന്റ് എഞ്ചിനീയറുടെ കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| രസീത് നം./ തീയതി | പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ രസീത് | ടെന്റർ ഫാറം വില | അടവാക്കേണ്ട GST(18%) |
|---|---|---|---|
| 14618(1-17)/13-12-2022 | 1220106311/13-12-2022 | 32,415/- | 5,836/- |
| 14618(18-31)/06-01-2023 | 1220106703/06-01-2023 | 26,375/- | 4,748/- |
| 14618(32-35)/14-02-2023 | 1221300423/14-02-2023<br>1221300733/02-03-2023 | 3,235/- | 582/- |
| 14618(36-38)/10-03-2023 | 1221301078/10-03-2023 | 1,665/- | 300/- |
| ആകെ | | 63,690/- | 11,466/- |

ടെന്റർ ഫോറത്തിന് 18% GST ഈടാക്കാതിരുന്നതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒടുക്കേണ്ട നികുതി (CGST-5,733/- SGST- 5,733/-) ഒഴിവാക്കപ്പെട്ടതായി കാണുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4/2022-23/09.10.2023) നൽകിയതിന് കരാറുകാരിൽ നിന്ന് GST ഈടാക്കുമെന്ന് അറിയിച്ചു.

2022-23 വർഷത്തെ ടെന്റർ ഫോമുകളുടെ CGST-5, 733/-, SGST- 5,733/- തുകകൾ കരാറുകാരിൽ നിന്ന് ഈടാക്കി

പഞ്ചായത്ത് ഫണ്ടിൽ ബാധ്യത ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. GST തുക സർക്കാരിലേക്ക് അടവാക്കി റിട്ടേൺ ഫയൽ ചെയ്ത ശേഷം വിവരം ബന്ധപ്പെട്ട എല്ലാ രേഖകളുടെയും പകർപ്പ് ഉൾപ്പടെ മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

### 1-13 ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം

വിവിധ സേവനങ്ങൾക്കും നികുതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67385965598 നം. എസ്.ബി.ഐ അക്കൗണ്ടിലേക്കാണ് ലഭ്യമാകുന്നത്. ഓൺലൈൻ പേമെന്റിനായി IKM സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിലേക്ക് രസീത് ചെയ്ത ശേഷം മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രഡിറ്റാകുന്നത് എന്ന് കാണുന്നു. ഓൺലൈൻ പേമെന്റ് ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 95,234/- രൂപ ലഭിക്കാൻ അവശേഷിക്കുന്നു. ബാങ്ക് അക്കൗണ്ടിലേക്ക് ലഭിക്കാനവശേഷിക്കുന്ന തുക 02/2023, 03/2023 മാസങ്ങളിലെ ഓൺലൈൻ വരവാണ്.

ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണതലത്തിലും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-14 7.16 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് 7.16 ലക്ഷം രൂപ ലഭിക്കാനുള്ളതായി കാണുന്നു. കുടിശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വസ്തുനികുതി കുടിശിക ഇനം | തുക |
|---|---|
| പാർപ്പിടാവശ്യ കെട്ടിടനികുതി(2022-23) | 332,251/- |
| പാർപ്പിടാവശ്യ കെട്ടിടനികുതി(കുടിശിക) | 249,371/- |
| പാർപ്പിടേതര കെട്ടിടനികുതി(2022-23) | 70,852/- |
| പാർപ്പിടേതര കെട്ടിടനികുതി(കുടിശിക) | 63,531/- |
| ആകെ | 716,005/- |

2020-21 വർഷം വരെയുള്ള വസ്തുനികുതി കുടിശികയുടെ 90% പിരിച്ചെടുക്കാതിരുന്നതിനാൽ പഞ്ചായത്തിന്റെ വികസന ഫണ്ടിന്റെ 1% തൻവർഷം സർക്കാർ കുറവുചെയ്ത സാഹചര്യമുണ്ടായി. വസ്തുനികുതിയുടെ 30% ആണ് സർവ്വീസ് സെസ്സായി പഞ്ചായത്തിൽ ഈടാക്കുന്നത്. സർവ്വീസ് സെസ്സ്, ലൈബ്രറി സെസ്സ് ഉൾപ്പെടെ കുടിശിക വസ്തുനികുതി ഈടാക്കാനുള്ള അടിയന്തിര നടപടി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

### 1-15 വസ്തുനികുതി നിർണ്ണയത്തിൽ മേൽത്തരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് കണക്കാക്കിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൻമേൽ വർദ്ധനവുകൾ വരുത്തേണ്ടതാണ്. ചട്ടത്തിലെ പട്ടിക 6 പ്രകാരം 250 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയുടെ 15% വർദ്ധനവ് കണക്കാക്കേണ്ടതാണ്. എന്നാൽ 2022-23 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ച പഞ്ചായത്ത് എട്ടാം വാർഡിലുള്ള ജോൺസൺ ജോബ്, പെരുമ്പായിൽ, കോട്ടമുറി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാനത്തിന് നികുതി വർദ്ധനവ് കണക്കാക്കിയില്ല എന്ന് കാണുന്നു(നികുതി നിർണ്ണയ പത്രിക പ്രകാരം). 35% നികുതി വർദ്ധനവ് കണക്കാക്കേണ്ട സ്ഥാനത്ത് 20% മാത്രമാണ് നികുതി വർദ്ധനവ് കണക്കാക്കിയത്. നികുതി വർദ്ധനവിലെലെ അപാകത മൂലം വാർഷിക നികുതിയിലും, 5% Library Cess(LC) ലും, 30% Service Cess(SC) യിലും വ്യത്യാസമുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്ന

| കെട്ടിട നം. | Plinth Area | അടിസ്ഥാന നികുതി (60/-) | നിർണ്ണയിച്ച നികുതി (20% വർദ്ധനവ് ) (FF-5% ഇളവ്) | നിർണ്ണയിക്കേണ്ട നികുതി (35% വർദ്ധനവ്) (FF-5% ഇളവ്) | നികുതി നഷ്ടം |
|---|---|---|---|---|---|
| 8/477/A Ground Floor(GF) | 155.31 | 155.31*60 9,319/- | നികുതി - 11,183/- LC-560/- , SC-3,355/- | നികുതി - 12,581/- LC-629/- SC- 3,774/- | 1,398/- LC-69/- SC-419/- |

| | | | | | |
|---|---|---|---|---|---|
| 8/477/B First Floor (FF) | 168.47 | 168.47*60 10,108/- | നികുതി - 11,524/- LC-577/- SC-3,458/- | നികുതി - 13,141/- LC-657/- SC- 3,942/- | 1,617/- LC- 80/- SC- 484/- |
| ആകെ | 323.78 | 19,427/- | 22,707/- LC-1,137/- SC-6,813/- | 25,722/- LC- 1286/- SC- 7,716/- | 3,015/- LC-149/- SC-903/- |

323 ചതുരശ്രമീറ്റർ Plinth Area ഉള്ള കെട്ടിടം രണ്ട് നമ്പരായി വിഭജിച്ചാണ് നികുതി നിർണ്ണയം നടത്തിയതിനാൽ ആകെ കെട്ടിടത്തിന്റെ വിസ്തീർണ്ണം രണ്ട് നമ്പരുകളായി നികുതി നിർണ്ണയിച്ചു. നികുതി നിർണ്ണയത്തിലെ അപാകത മൂലം ഒരു സാമ്പത്തിക വർഷം നികുതിയിനത്തിൽ 3,015/- രൂപയും Service Cess 903/- രൂപയും ഉൾപ്പടെ പഞ്ചായത്തിന് ലഭിക്കേണ്ട 3918/- രൂപയുടെ കുറവുണ്ടായി. Library Cess 163/- രൂപയും കുറവായിട്ടാണ് നിർണ്ണയിക്കപ്പെട്ടത്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/2022-23/09-10-2023) നൽകിയതിന് സോഫ്റ്റ് വെയർ അപാകത മൂലമാണ് നികുതി വർദ്ധന ഉൾപ്പെടാത്തത് എന്ന് മറുപടി നൽകി.

IKM-മായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ അപാകത പരിഹരിച്ച് മേൽപറഞ്ഞ കെട്ടിടത്തിന്റെ നികുതി വർദ്ധനവ് ഉൾപ്പെടുത്തി ആകെ നികുതി നിർണ്ണയിച്ചത് കൃത്യമാക്കേണ്ടതാണ്. അപാകത പരിഹരിച്ച ശേഷം ഫോറം-6, നികുതി ഒടുക്കിയതിന്റെ വിവരം എന്നിവ മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

## 1-16 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം

05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് ഭരണസമിതി 18/04/2023 ലെ 5(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 12/05/2023 ലെ എസ്.സി1/5004/2023 നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട്(പത്രമാധ്യമത്തിൽ ഉൾപ്പടെ). ആക്ഷേപങ്ങൾ സ്വീകരിച്ച് നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്.

അന്തിമ വിജ്ഞാപനം നടത്തി നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം അന്തിമ വിജ്ഞാപനം, നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കാനുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ല കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1)(i) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം കുറഞ്ഞത് 60 ദിവസം പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ഇൻഡെക്സ് പ്രകാരം 74 സ്ഥാപനങ്ങളെ ലിസ്റ്റ്(List Of Institutions) ചെയ്തെങ്കിലും 1 മുതൽ 41 വരെ സ്ഥാപനങ്ങളിലെ ജീവനക്കാർ നികുതി ഒടുക്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ധനകാര്യ പത്രിക പ്രകാരം 844,620/- രൂപയുടെ ജീവനക്കാരുടെ തൊഴിൽ നികുതി വരുമാനത്തിന്റെ കണക്ക് സംക്ഷിപ്തം തയ്യാറാക്കി രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ ഇൻഡെക്സ്

ക്രമ നം.42 മുതൽ 74 വരെയുള്ള 33 സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. സ്ഥാപനങ്ങളുടെ പേര് താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | അഷ്ടാംഗ ആയുർവേദ കോളേജ്, തൃക്കൊടിത്താനം |
| 2. | Josco Finance, തൃക്കൊടിത്താനം |
| 3. | ഗുഡ്‌വിൽ കൺസ്ട്രക്ഷൻസ്, തൃക്കൊടിത്താനം |
| 4. | രാജഗിരി ബിൽഡേഴ്സ് & ഡവലപ്പേഴ്സ്, തൃക്കൊടിത്താനം |
| 5. | തെക്കേക്കര കൺസ്ട്രക്ഷൻസ്, തൃക്കൊടിത്താനം |
| 6. | വിഷ്വൽ ആഡ്സ് എന്റർറ്റെയിൻമെന്റ്, തൃക്കൊടിത്താനം |
| 7. | A&B ഡിജിറ്റൽ വിഷൻ, തൃക്കൊടിത്താനം |
| 8. | ന്യൂ ഇന്ത്യ ഇൻഷ്വറൻസ് പോർട്ടൽ ഓഫീസ്, തൃക്കൊടിത്താനം |
| 9. | ഓറിയന്റൽ ഇൻഷ്വറൻസ് പോർട്ടൽ ഓഫീസ്, തൃക്കൊടിത്താനം |
| 10. | മണിവേ ഫിനാൻസ്, തൃക്കൊടിത്താനം |
| 11. | EZV Wallet Financiers & Gold Loan, പുലിക്കോട്ടുപടി, തൃക്കൊടിത്താനം |
| 12. | Symphony Of Values Coaching Centre, തൃക്കൊടിത്താനം |
| 13. | Hotel New York Square(4 Star Hotel And Bar),തൃക്കൊടിത്താനം |
| 14. | Madathil Multi Speciality Dental Clinic, തൃക്കൊടിത്താനം |
| 15. | ഫുഡ്കോ സൂപ്പർ മാർക്കറ്റ്, , തൃക്കൊടിത്താനം |
| 16. | JESSICA Big Shoppy Hypermarket, തൃക്കൊടിത്താനം |
| 17. | Medows Cente സൂപ്പർ മാർക്കറ്റ്- തൃക്കൊടിത്താനം |
| 18. | സുപ്രീം കമ്പ്യൂട്ടർ സെന്റർ, തൃക്കൊടിത്താനം |
| 19. | മാതാ കമ്പ്യൂട്ടേഴ്സ്, തൃക്കൊടിത്താനം |
| 20. | തിലകം ഫിറ്റ്നെസ് സെന്റർ, തൃക്കൊടിത്താനം |
| 21. | ദ്രോണ ഫിറ്റ്നെസ് സെന്റർ, തൃക്കൊടിത്താനം |
| 22. | ആൻ ടൂർസ് & ട്രാവൽസ്, തൃക്കൊടിത്താനം |
| 23. | UK ഏജൻസീസ് ട്രീറ്റ്മെന്റ് സെന്റർ, തൃക്കൊടിത്താനം |
| 24. | ഫിസിയോ ഫസ്റ്റ് ട്രീറ്റ്മെന്റ് സെന്റർ, തൃക്കൊടിത്താനം |
| 25. | Smart Fabrics Clothing Distribution Office, തൃക്കൊടിത്താനം |
| 26. | Hydro Clear Water Treatment Solutions Ltd., തൃക്കൊടിത്താനം |
| 27. | Solis Green Energy Solutions Ltd. തൃക്കൊടിത്താനം |
| 28. | Featherland Badminton Academy, തൃക്കൊടിത്താനം |
| 29. | പൂവത്തിങ്കൽ വാഹന പുക പരിശോധന കേന്ദ്രം, തൃക്കൊടിത്താനം |
| 30. | SH Computerised Driving School, തൃക്കൊടിത്താനം |
| 31. | RS Paper Products & Press, തൃക്കൊടിത്താനം |
| 32. | തൊടി-മാത്തുപുറം ഗാർഡൻസ് & നഴ്സറി, തൃക്കൊടിത്താനം |
| 33. | ചങ്ങനാശ്ശേരി താലൂക്ക് വ്യാപാരി വ്യവസായി എംപ്ലോയീസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം.കെ-1130 |

സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിഷ്കരിച്ചെങ്കിലും 2022-23 വർഷത്തെ നികുതി ഈടാക്കാതെ തുടരുന്നത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ വരുമാനമായതിനാൽ നികുതി ഈടാക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/2022-23/10-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

മേൽവിവരിച്ച സ്ഥാപനങ്ങളിലെ തൊഴിൽ നികുതി പരിധിയിൽ വരുന്ന ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ

നികുതി Prior Period Tax ആയി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ ശേഷം കുടിശിക നികുതി കളക്ഷൻ സ്റ്റേറ്റ്മെന്റ്, നികുതി ഒടുക്കിയ രസീതുകൾ തുടങ്ങിയ അനുബന്ധരേഖകൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-18 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റിൽ അപാകത

പഞ്ചായത്ത് സ്ഥാപനങ്ങളുടെ ലിസ്റ്റ്(Institution List) പ്രകാരം 74 സ്ഥാപനങ്ങളാണുള്ളത്. ഇതിൽ 48 എണ്ണം ടേൺവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടേണ്ടതായിരുന്നു എന്ന് ലിസ്റ്റ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം 47,750/- രൂപയാണ് തൊഴിൽ നികുതി ഡിമാന്റ്. ഏതെല്ലാം സ്ഥാപനങ്ങളുടെയാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തതെന്ന വിവരം ഡിമാന്റ് രജിസ്റ്ററിൽ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി ഒടുക്കിയത് ഏതെല്ലാം സ്ഥാപനങ്ങളാണ് എന്ന് വ്യക്തമല്ല. 48 സ്ഥാപനങ്ങളിൽ എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഡിമാന്റ് തുകയിൽ നിന്ന് തന്നെ വ്യക്തമാണ്. സ്ഥാപന ലിസ്റ്റ് പ്രകാരം തൊഴിൽ നികുതി അടവാക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ലിസ്റ്റ് ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1. | 12 | KSEB ലിമിറ്റഡ്, തൃക്കൊടിത്താനം |
| 2. | 14 | KSFE തൃക്കൊടിത്താനം |
| 3. | 27 | മുത്തൂറ്റ് ഫിൻകോർപ്പ് |
| 4. | 28 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തൃക്കൊടിത്താനം |
| 5. | 29 | തൃക്കൊടിത്താനം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കുന്നംപുറം H.O.<br>ബ്രാഞ്ച്-കുന്നംപുറം , കൊടിനാട്ടും കുന്ന്, മാന്താനം |
| 6. | 30 | കൊശമറ്റം ഫിനാൻസ്, തൃക്കൊടിത്താനം |
| 7. | 31 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, തൃക്കൊടിത്താനം |
| 8. | 32 | മാവേലി സ്റ്റോർ, തൃക്കൊടിത്താനം |
| 9. | 33 | ജെ. ജെ. ഫിനാൻസ്, തൃക്കൊടിത്താനം |
| 10. | 34 | ഡെൻസ് കെയർ ഡെന്റൽ ക്ലിനിക്, തൃക്കൊടിത്താനം |
| 11. | 35 | ശ്രീകുമാർ നേഴ്സിങ്ങ് ഹോം, തൃക്കൊടിത്താനം |
| 12. | 37-40(4) | കള്ള് ഷാപ്പുകൾ നം.06,40,28,29(4 എണ്ണം) |
| 13. | 42-74(33) | 33 സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്തവ |

മേൽവിവരിച്ച സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യാത്തതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായി. 3 ശാഖകളുള്ള സഹകരണ ബാങ്കിന്റെ ഓരോ ശാഖയ്ക്കും പ്രത്യേകം തൊഴിൽ നികുതി ചുമത്തേണ്ടതായിരുന്നു. നികുതി ഡിമാന്റ് ഒടുക്ക് വിശദാംശങ്ങൾ, ഡി.സി.ബി. എന്നിവ ലഭ്യമാക്കാത്തതിനാൽ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തവ മേൽപറഞ്ഞ 48 എണ്ണം സ്ഥാപനങ്ങളിൽ എത്രയെണ്ണമെന്ന് നിർണ്ണയിക്കാൻ സാധിക്കുന്നില്ല. തൊഴിൽ നികുതി ഡിമാന്റിലെ അപാകതയ്ക്കും ഡി.സി.ബി. വിശദാംശം ലഭ്യമാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/2022-23 /10-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

ഡിമാന്റ് അക്കൗണ്ട് ചെയ്തതിലെ അപാകത മൂലം സ്ഥാപനങ്ങളുടെ നികുതി കുടിശിക 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി സ്ഥാപനങ്ങളുടെ 2022-23 നികുതി തുക നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Institutions(Arrear) ശീർഷകത്തിലേക്ക് അക്രുവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. 2022-23 നികുതി കുടിശിക ഒടുക്കിയ ശേഷം കുടിശിക ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടി നൽകേണ്ടതാണ്.

## 1-19 തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി

ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ഏജൻസികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് 2022-23 തൊഴിൽ നികുതി രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ ലിസ്റ്റിന്റെ ഇൻഡക്സിൽ നിന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ലിസ്റ്റ് ചെയ്ത 74 സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു(ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്തത്).

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | BOND Estate & Financial Services, തുക്കൊടിത്താനം |
| 2. | JMJ Finance Limited, തൃക്കൊടിത്താനം |
| 3. | The New India Assurance Co. Ltd. Office, തൃക്കൊടിത്താനം |
| 4. | തുരുത്തിപ്പറമ്പിൽ ഫിനാൻസ്, തൃക്കൊടിത്താനം |
| 5. | Big Boss Fitness Planet & Gym തൃക്കൊടിത്താനം |
| 6. | SH Clinical Lab, തൃക്കൊടിത്താനം |
| 7. | CSC Digital Seva Kendra-തൃക്കൊടിത്താനം |
| 8. | അക്ഷയ കേന്ദ്രം-തൃക്കൊടിത്താനം |
| 9. | Radient Engineering Company & Consultancy,തൃക്കൊടിത്താനം |
| 10. | D-Construct Real Estate Builders & Construction, തൃക്കൊടിത്താനം |
| 11. | Dental Hub Multi Speciality Detnal Clinic, തൃക്കൊടിത്താനം |
| 12. | HOSPICO Surgical Products Wholesaler, തൃക്കൊടിത്താനം |
| 13. | Diana Gold Buying & Selling Service, തൃക്കൊടിത്താനം |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ടേണോവർ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതായിരുന്നു. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലും വരുമാന നഷ്ടമുണ്ടാവുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18/2022-23 /11-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

മേൽവിവരിച്ച സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് പരിഷ്കരിച്ച് നികുതി ഡിമാന്റ് 2022-23 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതും ഡിമാന്റ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി പരിധിയിൽ വരുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും Prior Period Tax ആയി ഈടാക്കേണ്ടതാണ്. പുതുക്കിയ ഡിമാന്റ് പ്രകാരം ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ 2022-23 നികുതി തുക നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Institutions(Arrear) ശീർഷകത്തിലേക്ക് അക്രുവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. 2022-23 നികുതി കുടിശിക ഒടുക്കിയ രസീതുകളും പുതുക്കിയ ഡിമാന്റ് ലിസ്റ്റ്, ഡി.സി.ബി. എന്നിവ ഉൾപ്പടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

1-20 കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2022-23 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2022-23 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ബിജേഷ് കെ. |
| 2. | ഷാജിൻ പീറ്റർ |
| 3. | ജോസഫ് ഫ്രാൻസിസ് |
| 4. | നിധിൻ മാത്യു |
| 5. | ജിതിൻ തോമസ് |
| 6. | രഘുനാഥൻ നായർ |

| | |
|---|---|
| 7. | ജോസ് കെ. ജെ. |
| 8. | റിൻസൺ അലക്സ് |
| 9. | ചെറിയാൻ സിറിയക് |
| 10. | ജോസഫ് ജോസഫ് |
| 11. | റോയ് ജോസ് |
| 12. | എ. റ്റി. രാജു |
| 13. | ആകാശ് കൃഷ്ണൻ |
| 14. | സന്തോഷ് മാത്യു |
| 15. | റിൻസി ബനഡിക്റ്റ് |
| 16. | സ്മിതേഷ് സിറിയക് |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2022-23/06.10.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. കരാറുകാരുടെ തൊഴിൽ നികുതി 2022-23 വർഷത്തേത് കുടിശികയായി Prior Period Tax ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

## 1-21 പ്രോഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

തൂക്കൊടിത്താനം ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിലുള്ള പ്രൊഫഷണൽസിന്റെ (ഉദാ: പ്രാക്ടീസിങ്ങ് ഡോക്ടർ, നിയമ വിദഗർ, ടെക്നോളജി പ്രോഫഷണൽ, ചാർട്ടേർഡ് അക്കൗണ്ടന്റ്) ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി അക്രൂവലായി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ട നികുതിയിനമായിരുന്നു. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതായി ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്യപ്പെട്ട പ്രൊഫഷണൽസിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊഫഷണൽസിന്റെ പേര്(Identity) | പ്രവർത്തനം |
|---|---|---|
| 1. | Mathews & Sebastians Co. , തൂക്കൊടിത്താനം | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 2. | Sharon & Sunny Associates, തൂക്കൊടിത്താനം | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 3. | Sree Associates, തൂക്കൊടിത്താനം | Tax Preperation Service |
| 4. | New India Insurance Agents Portal, | Insurance Consultant Agency |

പഞ്ചായത്ത് തനത് വരുമാന സ്രോതസ്സായ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2022-23/06.10.2023) നൽകിയതിന് മറുപടി ലഭ്യമായില്ല.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽസിന്റെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്. മേൽവിവരിച്ച പ്രൊഫഷണൽസിന്റെ 2022-23 തൊഴിൽ നികിതി നിലവിൽ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിശദാംശം ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-22 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക - പൊതു അപാകതകൾ

പഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ വാടകയ്ക്ക് നൽകുന്ന നടപടികളിൽ അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. 2022-23 ഡിമാന്റ് രജിസ്റ്റർ പ്രകാരം 7 മുറികളാണ് വാടകയ്ക്ക് നൽകിയത് എന്ന് കാണുന്നു. വാടക നടപടികളിലെ അപാകത താഴെ വിവരിക്കുന്നു.

1. വാടക കരട് ബൈലോ മാത്രമാണ് നിലവിലുള്ളത്. ബൈലോയ്ക്ക് പഞ്ചായത്ത് വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.
2. വാടകയ്ക്ക് നൽകുന്ന ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികളുടെ വിവരങ്ങളടങ്ങിയ ഇൻഡെക്സ്, ഡിമാന്റ് രജിസ്റ്ററിന്റെ

ഭാഗമായി തയ്യാറാക്കിയിട്ടില്ല.

3. വാടക എഗ്രിമെന്റുകൾ കുത്തകക്കാർ ഒപ്പിട്ടു സാക്ഷ്യപ്പെടുത്താതെയാണ് സൂക്ഷിച്ചിട്ടുള്ളത്. കൃത്യമായ സാക്ഷ്യപ്പെടുത്തലുകളില്ലാത്ത കരാറുകൾ അപൂർണ്ണമാണ്.
4. കുത്തകക്കാരുടെ വാടക നിക്ഷേപം 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 40,858/- രൂപയാണ്. ടി നിക്ഷേപം ഏതെല്ലാം കുത്തകക്കാരുടേതാണ് എന്ന വിവരം വാടക ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഓരോ മുറികളുടെയും കുത്തകക്കാരുടെ നിക്ഷേപ കണക്കുകളുടെ വിശദാംശം ലഭ്യമല്ല.
5. പഞ്ചായത്ത് കെട്ടിടത്തിന്റെ ഭാഗമായ ഷോപ്പിങ്ങ് കോംപ്ലെക്സിൽ അക്ഷയ കേന്ദ്രം പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം അക്ഷയ കേന്ദ്രത്തിൽ നിന്ന് വാടക ഈടാക്കുന്നില്ല.

വാടക നടപടികളിലെ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.21/2022-23/11-10-2023) നൽകിയതിന് അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകി. വാടക നടപടികളിലെ ക്രമ നം.1, 2, 3 എന്നീ രേഖകളും രജിസ്റ്ററുമായി ബന്ധപ്പെട്ട അപാകതകളും പരിഹരിക്കേണ്ടതാണ്. വാടക നിക്ഷേപം(Rent Deposit) കണക്കുകൾ ഓരോ കുത്തകക്കാരുടെയും തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അക്ഷയ കേന്ദ്രത്തിന്റെ വാടക നിശ്ചയിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 1-23 OFC പോളുകൾക്ക് വാടക ഈടാക്കുന്നതിന് നിയമാനുസൃത കരാർ ചമച്ചിട്ടില്ല

റിലൈൻസ് ജിയോ ഫൈബർ നെറ്റ്‌വർക്കിനായി പഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡുകളിൽ Optical Fibre Cable(OFC) പോളുകൾ സ്ഥാപിക്കുന്നതിന് 23/01/2020 ലെ G.O.(Rt) No.89/2020/PWD ഉത്തരവ് പ്രകാരം വാടക നിർണ്ണയിച്ചിരുന്നു. ഒരു പോളിന് 360 രൂപ നിരക്കിൽ 120 പോളുകളുടെ വാടകയായി ഡിമാന്റ് രജിസ്റ്റർ പ്രകാരം 47,640/- രൂപയാണ് കണക്കാക്കിയത്. കെട്ടിട വാടക കുടിശിക ശീർഷകത്തിലാണ് പോളുകളുടെ തൻവർഷ വാടക അക്രുവൽ ചെയ്തത്. വാടക അക്രുവൽ ചെയ്ത ശീർഷകം കൃത്യമല്ല എന്ന് കാണുന്നു. വാടകയും 18% GST യും ഈടാക്കുന്നതിന് റിലൈൻസ് ജിയോയുമായി നിയമാനുസൃത കരാർ ചമച്ചിട്ടില്ല. 5% വാർഷിക വാടക വർദ്ധനവോടെ വാടക നിർണ്ണയിച്ചത് കരാർ ചമച്ച് ഈടാക്കാതിരിക്കുന്നത് തനത് വരുമാനം നഷ്ടമാകുന്നതിന് ഇടയാകും. ഈ വിഷയത്തിൽ കരാർ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിനും അക്കൗണ്ടിങ്ങ് അപാകതയ്ക്കും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/2022-23/11-10-2023) നൽകിയതിന് കരാർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി.

2022-23 വർഷത്തിന് മുൻപ് സ്ഥാപിക്കപ്പെട്ട 120 OFC പോളുകളുടെ വാടക റിലൈൻസ് ജിയോയുമായി നിയമാനുസൃത കരാറിലൂടെ ആധികാരികമാക്കേണ്ടതാണ്. അക്രുവലായി ഡിമാന്റ് ചെയ്ത വാടക Rent Receivable ശീർഷകത്തിൽ അടവാക്കേണ്ടതാണ്. വാടക കരാറിന്റെ പകർപ്പും വാടക അടവാക്കിയ ശേഷം വിശദാംശവും മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-24 ട്രേഡർമാരുടെ ലൈസൻസ് /തൊഴിൽ നികുതി-അടിസ്ഥാന ഡേറ്റ തയ്യാറാക്കിയിട്ടില്ല

തുക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ ട്രേഡർമാരുടെ എണ്ണവും വിവരവും സംബന്ധിച്ച് വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ 20 വാർഡുകളിലെയും ട്രേഡർമാരുടെ ലൈസൻസ്/തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്തിൽ ലഭ്യമായ 2022-23 ലൈസൻസ് രജിസ്റ്റർ പ്രകാരം 368 ട്രേഡർമാരുടെ ലൈസൻസും തൊഴിൽ നികുതിയുമാണ് ഡിമാന്റിലുള്ളത്.

Socio Economic Foundation(SEF) ഓരോ മാസവും തയ്യാറാക്കുന്ന ഹരിതകേരളം പ്രവർത്തന റിപ്പോർട്ടിൽ തുക്കൊടിത്താനം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 850 കടകൾ ഉള്ളതായും 100 എണ്ണം പ്രവർത്തിക്കുന്നില്ല എന്നും 750 എണ്ണം പ്രവർത്തിക്കുന്നതുമായാണ് 2022-23 വർഷത്തിൽ സർവ്വേ റിപ്പോർട്ട് നൽകിയിരിക്കുന്നത്. പഞ്ചായത്ത് ഡിമാന്റിലുള്ള ട്രേഡർമാരുടെ എണ്ണവും SEF- ന്റെ സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള കടകളുടെ എണ്ണവും തമ്മിൽ വലിയ അന്തരമാണ്. ഓരോ വാർഡിലേയും ട്രേഡേഴ്സിനെ ലിസ്റ്റ് ചെയ്ത് ലൈസൻസ് ഡിമാന്റ് തയ്യാറാക്കാത്തതിനാൽ ലൈസൻസ് പരിധിയിലില്ലാത്ത ട്രേഡർമാർ പ്രവർത്തിക്കുന്ന സാഹചര്യമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.31/2022-23/12-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

പഞ്ചായത്തിന്റെ 20 വാർഡുകളിലെ ട്രേഡേഴ്സിന്റെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റും ട്രേഡർ തൊഴിൽ നികുതി ഡിമാന്റ് നിർണ്ണയിച്ച് ലൈസൻസ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ലൈസൻസ്/ട്രേഡർ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ട്രേഡർമാരുടെ ലൈസൻസ് ഡിമാന്റ് നടപടികൾ മേൽപറഞ്ഞ വിധം ക്രമീകരിച്ച് അനുബന്ധരേഖകൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

1-25 റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത-3.8 ലക്ഷം രൂപയുടെ നഷ്ടം

പഞ്ചായത്ത് 2022-23 വർഷം Optical Fibre Cable(OFC) പോളുകൾ സ്ഥാപിക്കുന്നതിന് റിലൈൻസ് ജിയോയ്ക്ക് അനുമതി നൽകിയിരുന്നു. 14 എണ്ണം അപേക്ഷകൾ ലഭിച്ചതിൽ 4 എണ്ണത്തിന് അനുമതി നൽകി. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ് അടവാക്കി. ആകെ 189 പോളുകളാണ് സ്ഥാപിച്ചത് എന്ന് ഫയലിൽ കാണുന്നു. 0.6*0.6 മീറ്റർ വലിപ്പത്തിൽ Concrete Surface Cutting, Berm Cutting ഇനങ്ങളാണ് എസ്റ്റിമേറ്റുകൾ പ്രകാരമുള്ളത്. 05/01/2018 ലെ G.O.(Rt) No.30/2018/PWD നം. ഉത്തരവ്, 30/03/2018 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ എന്നിവ പ്രകാരം കട്ട് ചെയ്യുന്ന വീതിയുടെ 1.5 ഇരട്ടിയായി റീസ്റ്റോറേഷൻ ചാർജ് കണക്കാക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിൽ കട്ട് ചെയ്യുന്ന വീതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയത്. ആയതിനാൽ റീസ്റ്റോറേഷൻ ചാർജിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര്/ നീളം (Work Length) | 0.6*0.6 പോളുകൾ എണ്ണം (Number Of Poles Installed) | എസ്റ്റിമേറ്റിലെ അളവ്/ കണക്കാക്കിയ ചാർജ്(A) | കണക്കാക്കേണ്ട അളവ്/ചാർജ്(B) | റീസ്റ്റോറേഷൻ ചാർജ് നഷ്ടം(B-A) |
|---|---|---|---|---|
| കിളിമല കുരിശടി - ആരമല കിളിമല (500 മീറ്റർ) | 15 (Concrete Cutting Rate 5473.44/Sq M) | 15*0.6*0.6=5.4<br>5.4*5473.44<br>=29,557/- | 15*0.9*0.9=12.15<br>12.15*5473.44<br>=66,502/- | 36,945/- |
| കിളിമല SH സ്കൂൾ - കവിയൂർ റോഡ് കൃഷ്ണ ബേക്കറി (1340 മീറ്റർ) | 104 (Concrete Cutting Rate 5473.44/Sq M) | 104*0.6*0.6=37.44<br>37.44*5473.44 = 204,925/- | 104*0.9*0.9=84.24<br>84.24*5473.44<br>= 461,083/- | 256,158/- |
| പീടികപ്പടി - ചെമ്പുപുറം (600 മീറ്റർ) | 18 (Concrete Cutting Rate 5473.44/Sq M) | 18*0.6*0.6=6.48<br>6.48* 5473.44<br>= 35,468/- | 18*0.9*0.9= 14.58<br>14.58*5473.44<br>=79,803/- | 44,335/- |
| | 20 (Berm Cutting Rate 359.85/Sq M) | 20*0.6*0.6=7.2<br>7.2* 359.85<br>= 2,591/- | 20*0.9*0.9= 16.2<br>16.2*359.85<br>= 5,830/- | 3,239/- |
| പുലിക്കോട്ടുപടി – പുലിക്കാപടി (600 മീറ്റർ) | 15 (Concrete Cutting Rate 5473.44/Sq M) | 15*0.6*0.6= 5.4<br>5.4* 5473.44<br>= 29,557/- | 15*0.9*0.9= 12.15<br>12.15*5473.44<br>=66,502/- | 36,945/- |
| | 17 (Berm Cutting Rate 359.85/Sq M) | 17*0.6*0.6=6.12<br>6.12* 359.85<br>= 2,202/- | 17*0.9*0.9= 13.77<br>13.77*359.85=<br>4,955/- | 2,753/- |
| ആകെ | 189 | 304,300/- | 684,675/- | 380,375/- |

അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം മേൽവിവരിച്ച നാല് പ്രവൃത്തികളുടെ അനുമതി നൽകിയതിൽ റോഡ് റീസ്റ്റോറേഷൻ ചാർജിനത്തിൽ പഞ്ചായത്ത് ഫണ്ടിന് 380,375/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അപാകതയ്ക്കും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.26/2022-23/12-10-2023) നൽകിയതിന് മറുപടിയായി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. മേൽപറഞ്ഞ റോഡുകളിൽ റോഡ് കട്ടിങ്ങ് ചാർജ് കണക്കാക്കിയ എസ്റ്റിമേറ്റ് ഫീൽഡ് പരിശോധന നടത്തി കൃത്യമാക്കി കുറവുവന്ന 380,375/- രൂപ റിലയൻസ് ജിയോയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. പുതുക്കിയ എസ്റ്റിമേറ്റിന്റെ പകർപ്പും തുക ഒടുക്കിയ രസീതും ഉൾപ്പടെ മറുപടി നൽകേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടം വന്ന തുക 380375/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചീനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 ബാഡ്മിന്റൺ ഇൻഡോർ സ്റ്റേഡിയം വരവുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകത

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കോക്കോട്ടുചിറ ബാഡ്മിന്റൺ ഇൻഡോർ സ്റ്റേഡിയം ജനവരി 2022 മുതൽ പ്രവർത്തനസജ്ജമായി. സ്റ്റേഡിയത്തിൽ നിന്നുള്ള വരുമാനം അവിടെ പരിശീലനം നടത്തുന്നവരിൽ നിന്ന് പിരിക്കുന്ന യൂസർ ഫീസാണ്. സ്റ്റേഡിയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഒരു ജീവനക്കാരനെ താത്കാലികമായി നിയമിക്കുകയും ചെയ്തു. യൂസർ ഫീസ് കളക്ഷനു വേണ്ടി പ്രത്യേകം രസീത് ബുക്കുകൾ പ്രിന്റ് ചെയ്താണ് നൽകിയിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 30 രസീതുകൾ പ്രിന്റ് ചെയ്തതായും 5 എണ്ണം ഇഷ്യൂ ചെയ്തിട്ടുള്ളതായും കാണുന്നു.

സ്റ്റേഡിയം വരവ്-ചെലവുകൾക്കായി തൃക്കൊടിത്താനം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ (0112050011532) അക്കൗണ്ട് ആരംഭിച്ചു. രസീതുകളിൽ തീയതി രേഖപ്പെടുത്താതെയാണ് നൽകുന്നത് എന്ന് ഹാജരാക്കിയ കൗണ്ടർ ഫോയിലുകളിൽ നിന്ന് വ്യക്തമാകുന്നു. ഓരോ മാസത്തെയും കളക്ഷൻ പിരിക്കുന്ന വ്യക്തി കൈവശം വയ്ക്കുകയും മാസങ്ങൾക്ക് ശേഷം ബാങ്ക് അക്കൗണ്ടിൽ ഒടുക്കുകയുമാണ് ചെയ്യുന്നത് എന്ന് ബന്ധപ്പെട്ട രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. രസീതുകൾ പ്രകാരമുള്ള തുക പിരിവും പഞ്ചായത്ത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നതും സംബന്ധിച്ച യാതൊരു പരിശോധനയും പഞ്ചായത്ത് നടത്തുന്നില്ല. പിരിവ് തുക ദീർഘകാലം കൈവശം സൂക്ഷിക്കുന്ന നടപടി 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-20,23 എന്നിവയുടെ വ്യക്തമായ ലംഘനമാണ്. രസീത് കളക്ഷന് രസീത് നമ്പർ ചേർത്ത് കളക്ഷൻ രജിസ്റ്റർ തയ്യാറാക്കാതിരുന്നതിനാൽ പിരിവ് തുക മുഴുവനും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയോ എന്നതിലും വ്യക്തതയില്ല. ആയതിനാൽ സ്റ്റേഡിയം വരവുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകത നിലനിൽക്കുന്നു.

ഈ വിഷയത്തിൽ ആധികാരികമായ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.35/2022-23 /13-10-2023) നൽകിയതിന് മറുപടി ലഭ്യമായില്ല. 140500111-Other User Charges Collected ശീർഷകത്തിലാണ് ഇൻഡോർ സ്റ്റേഡിയം വരവ് അക്കൗണ്ട് ചെയ്യുന്നത്. ടി ശീർഷകത്തിൽ തൻവർഷം 252,073/- രൂപ വരവുണ്ട്. ഇൻഡോർ സ്റ്റേഡിയം വരവിന്റെ രസീതുകൾ കളക്ഷൻ രജിസ്റ്ററിൽ ക്രമമായി പോസ്റ്റ് ചെയ്ത് തുക ഒടുക്കിന്റെ ആധികാരികത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. സ്റ്റേഡിയം ഉപയോഗം സംബന്ധിച്ച ആധികാരിക ബൈ-ലോ തയ്യാറാക്കി പ്രസ്തുത സംരംഭത്തിന്റെ ഉപയോഗ നടപടികൾ കൃത്യമാക്കേണ്ടതാണ്.

## 1-27 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അധിക വിഭവ സമാഹരണം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനഫണ്ട് വിപുലീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

<u>വസ്തുനികുതി വരവ്</u>

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>പെർമിറ്റ്</u>

ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്.

വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

തൊഴിൽ നികുതി വരവ്

സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ തുടങ്ങുന്ന ഏതൊരു സ്ഥാപനവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം എന്ന നിയമവും ചട്ടവും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ലൈസൻസ് വരവ്

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും അപകടം/അസഹ്യത ഒഴിവാക്കുന്നതിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് മേൽ കർത്തവ്യം നിറവേറ്റുന്നതിൽ ഉപേക്ഷ വരുത്തുകയും ചെയ്തു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ 30% സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്

പഞ്ചായത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ സംഗതിയിൽ 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

1-28 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിക്കുന്നില്ല

2015-16 മുതൽ 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് കരാറുകാരനെ ഇ-ടെണ്ടർ മുഖാന്തിരമാണ് തെരഞ്ഞെടുക്കുന്നത്. ഇ-ടെണ്ടറിൽ, ടെണ്ടർ ഫീസ് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് ചേർക്കുന്നത്. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിലേക്ക് ടെണ്ടർ ഫീസിന്റെ വിശദാംശങ്ങൾ ലഭിക്കുന്ന മുറക്ക് തുക നല്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിപ്പ് നല്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതനുസരിച്ച് 2015-16 മുതൽ 2022-23 വരെ 558690/- രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. കുടിശികയായ തുക ലഭ്യമാക്കുന്നതിനൊപ്പം അതാത് സാമ്പത്തിക വർഷം ഇ-ടെണ്ടർ ഫീസ് എ ഇ യുടെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനും ആയത് പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-29 സ്ഥിര നിക്ഷേപമാക്കാനായി പിൻവലിച്ച തുക സ്ഥിര നിക്ഷേപമാക്കിയില്ല

തൃക്കൊടിത്താനം എസ്.ബി.ഐ യിലെ ഇ പേയ്മെന്റ് അക്കൗണ്ടിൽ നിന്നും 23.8.22 ൽ 20 ലക്ഷം രൂപ പിൻവലിച്ച് സ്ഥിരനിക്ഷേപമാക്കുന്നതിനായി തൃക്കൊടിത്താനം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ടി തുക സ്ഥിര നിക്ഷേപമാക്കിയില്ല. പിൻവലിച്ച തുക സ്ഥിര നിക്ഷേപമാക്കാതിരുന്നതിനു വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/9.10.23) മറുപടി ലഭ്യമാക്കിയില്ല. പിൻവലിച്ച തുക അടിയന്തിരമായി സ്ഥിര നിക്ഷേപമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-30 അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തെ പ്രവൃത്തി നേരിട്ട് ഏൽപ്പിച്ചു



തുക്കൊടിത്താനം ഗ്രാമപഞ്ചായത്തു പരിധിയിൽ ആരംഭിക്കുന്ന ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണം 2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 1218923/- രൂപ വേലമൂല്യത്തോടെ പൂർത്തിയാക്കിയിരുന്നു. പൂർത്തീകരണ പ്രവൃത്തികൾക്കായി 19 ലക്ഷം രൂപ (സിവിൽ പ്രവൃത്തികൾക്ക് 18 ലക്ഷം രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 1 ലക്ഷം രൂപയും)നധന,കമ്മീ ഗ്രാന്റിൽ നിന്നും വകയിരുത്തുകയും നിർവ്വഹണം കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നല്കുകയും ചെയ്തു. 2021-22 വർഷം 1030000/- രൂപയും 2022-23 വർഷം 470000/- രൂപയും കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നല്കിയിട്ടുണ്ട്., പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തെ പ്രവൃത്തി നേരിട്ട് ഏൽപ്പിച്ചു</u>

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 28-4-21ലെ 67/21 നമ്പർ ഉത്തരവ് ഇതു സംബന്ധിച്ച് മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മറ്റ് ഉത്തരവുകൾ മറികടക്കുന്നതാണ്. ഉത്തരവിന്റെ ഖ നം 5 പ്രകാരം പ്രത്യേക സ്വഭാവമുള്ള പ്രവൃത്തികൾ, ഫണ്ടിംഗ് ഏജൻസി സമയ നിയന്ത്രണം ഉൾപ്പെടുത്തുമ്പോൾ, വകുപ്പ് തല എഞ്ചിനീയറിംഗ് വിഭാഗത്തിന് ജോലിഭാരം കൂടുന്ന അവസരത്തിൽ തുടങ്ങിയ സാഹചര്യങ്ങളിൽ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണ്. ഏജൻസികളെ PMC ആയി പ്രവൃത്തികൾ ഏറ്റെടുക്കാവുന്നവ NON PMC ആയി പ്രവൃത്തികൾ ഏറ്റെടുക്കാവുന്നവ എന്നിങ്ങനെ തിരിച്ചിരിക്കുന്നു. സർക്കാർ ഉത്തരവ് പ്രകാരം കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് തനത് ശൈലിയിലുള്ള ചെലവ് ചുരുങ്ങിയ പ്രവൃത്തികൾ NON PMC ആയി ഏറ്റെടുക്കുന്നതിന് മാത്രമാണ് അക്രഡിറ്റേഷൻ ഉള്ളത്. പദ്ധതി രൂപീകരണ മാർഗ്ഗ രേഖയിലും(12.2.5.സി) സർക്കാർ ഉത്തരവുകൾ പാലിച്ച് പ്രോജക്ട് തയ്യാറാക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അക്രഡിറ്റേഷൻ ഇല്ലാത്ത കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി നേരിട്ട് നല്കിയ നടപടി നിയമാനുസൃതമല്ല.

<u>ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് നിർമ്മിതി കേന്ദ്രത്തിന് അനുമതിയില്ല</u>

തദ്ദേശസ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുക, അളവ് രേഖപ്പെടുത്തുക, ചെക്ക് മെഷർ ചെയ്യുക തുടങ്ങിയ ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള DLTC യുടെ ചുമതലയാണ്. നിർവ്വഹണ അനുമതിയില്ലാത്ത ഏജൻസിക്ക് പ്രവൃത്തി നല്കിയതും അളവ് രേഖപ്പെടുത്താതെ തുക നല്കുന്നതും നിയമാനുസൃതമല്ല. നിർമ്മിതി കേന്ദ്രത്തിന് Cost Effective Works നേരിട്ട് ഏറ്റെടുക്കുന്നതിന് മാത്രമാണ് അനുമതി ഉള്ളത്

<u>സാങ്കേതിക അനുമതി നല്കുന്നതിന് കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അധികാരമില്ല</u>

പ്രോജക്ട് പരിശോധിച്ചതിൽ സാങ്കേതിക അനുമതി നല്കിയിരിക്കുന്നത് നിർമ്മിതി കേന്ദ്രം എഞ്ചിനീയർമാർ ആണ്. സർക്കാർ ഉത്തരവ് 67/2021 ധന, തീ17-1-22 പ്രകാരം PMC അല്ലാതെ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുമ്പോൾ സാങ്കേതിക അനുമതി നല്കേണ്ടത് ബന്ധപ്പെട്ട വകുപ്പോ, അല്ലെങ്കിൽ വകുപ്പ് ചുമതലപ്പെടുത്തുന്ന എഞ്ചിനീയർമാരോ ആണ്.

<u>അളവ് രേഖപ്പെടുത്താതെ തുക നല്കി</u>

സ ഉ 67/2021 ധന, തീ17-1-22 പ്രകാരം അളവ് രേഖപ്പെടുത്തുക, ചെക്ക്മെഷർ ചെയ്യുക തുടങ്ങിയവ പ്രവൃത്തി ഏൽപ്പിക്കുന്ന വകുപ്പോ, ഇരു കൂട്ടരും ചേർന്നോ നിർവ്വഹിക്കണം. എന്നാൽ നാളിതു വരെയുള്ള പ്രവൃത്തികൾ അളവ് രേഖപ്പെടുത്തി ബില്ല് തയ്യാറാക്കാതെയാണ് 15ലക്ഷം രൂപ നിർമ്മിതി കേന്ദ്രത്തിന് നല്കിയിട്ടുള്ളത്. ഫയൽ പ്രകാരം പ്രോജക്ട് എഞ്ചിനീയർ നല്കിയ 834613/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നല്കിയിട്ടുണ്ട്. അളവ് രേഖപ്പെടുത്തി പാർട്ട് ബില്ലുകൾ തയ്യാറാക്കാതെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ തുക നല്കുന്നത് മരാമത്ത് ചട്ടങ്ങളുടെ ലംഘനമാണ്. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും രേഖകൾ പരിശോധിച്ച് പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-31 തൊഴിലുറപ്പിന് മുൻകൂർ - 21.6 ലക്ഷം രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു-കണക്കിലും അപാകത

തൊഴിലുറപ്പ് പദ്ധതി ഓഫീസ് അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകിയ തുകയിൽ 2,159,904/- രൂപ 31/03/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ് കണക്കുകളിൽ കാണുന്നു. വാർഷിക കണക്കുകൾ പ്രകാരം 31/03/2023 ലെ ബാലൻസ് ഷീറ്റിൽ തൊഴിലുറപ്പ് മുൻകൂർ ശീർഷകത്തിൽ (460500801) 403,905/- രൂപ മാത്രമാണ് ലഭിക്കാനായി അവശേഷിക്കുന്നത്. 2022-23 Advance Register പ്രകാരം 460509901-Advance To Others ശീർഷകത്തിലെ 1,323,007/- രൂപയും 460500501-Advance To Implementing Officers ശീർഷകത്തിലെ നീക്കിയിരിപ്പിൽ 67,840/- രൂപയും തൊഴിലുറപ്പ് പദ്ധതി മുൻകൂറാണ് എന്നാണ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. തൊഴിലുറപ്പ് മുൻകൂർ മൂന്ന് ശീർഷകങ്ങളിലായി അക്കൗണ്ട് ചെയ്തു നടപടി 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 36 ന്റെ ലംഘനമാണ്.

31/03/2023 ബാലൻസ് ഷീറ്റിൽ മൂന്ന് ശീർഷകങ്ങളിലായുള്ള തൊഴിലുറപ്പ് മുൻകൂർ തുക 1,794,752/- രൂപയാണ്. തൊഴിലുറപ്പ് കണക്കുകളിലെ തിരിച്ചടയ്ക്കാനുള്ള മുൻകൂർ തുക 2,159,904/- രൂപയിൽ 365,152/- രൂപ മുൻകൂറായി 31/03/2023 ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

തൊഴിലുറപ്പ് ബാങ്ക് അക്കൗണ്ടിൽ 31/03/2023-ൽ 1,082,078/- രൂപ അവശേഷിക്കുന്നുണ്ട്. ടി തുക തൻവർഷം മുൻകൂർ ക്രമീകരിക്കാവുന്നതായിരുന്നു. തൊഴിലുറപ്പ് മുൻകൂർ കണക്കുകളിലെ അപാകതയും തുക ലഭ്യമായിട്ടും ക്രമീകരിക്കാതെ പോയതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.30/2022-23/12-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

തൊഴിലുറപ്പ് മുൻകൂർ തുക ഒരു ശീർഷകത്തിൽ മാത്രമായി അക്കൗണ്ട് ചെയ്യേണ്ടതാണ്. ബാലൻസ് ഷീറ്റിൽ ഉൾപ്പെടാതിരുന്ന മുൻകൂർ 365,152/- രൂപ Prior Period Expense ആയി തൊഴിലുറപ്പ് മുൻകൂർ ശീർഷകത്തിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണ്. അക്കൗണ്ടിങ്ങ് നടപടികൾ പൂർത്തിയാക്കി തൊഴിലുറപ്പ് ബാങ്ക് അക്കൗണ്ടിലുള്ള ഫണ്ട് മുൻകൂറിലേക്ക് ക്രമീകരിക്കേണ്ടതാണ്. അപാകത പരിഹാര നടപടികളുടെ മുഴുവൻ വിവരവും മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-32 3.86 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാതെ നിരവധി വർഷങ്ങളായി തുടരുന്നു

തൃക്കൊടിത്താനം പഞ്ചായത്ത് വിവിധ ഏജൻസികളിൽ മുൻ വർഷങ്ങളിൽ നിക്ഷേപിച്ച പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളതായി കാണുന്നു. ധനകാര്യ പത്രിക പ്രകാരം 01/04/2022 ൽ മുന്നിരിപ്പായി വിവിധ ഏജൻസികളിലുള്ള നിക്ഷേപം ചുവടെ ചേർക്കുന്നു (നിക്ഷേപ ഏജൻസികളുടെ വിവരം 2022-23 Advance Register പ്രകാരം).

| ക്രമ നം. | ഏജൻസി | നിക്ഷേപ തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | കേരള വാട്ടർ അതോറിറ്റി | 216.65 |
| 2. | കെ.എസ്.ഇ.ബി. ലിമിറ്റഡ് | 19.82 |
| 3. | ഭൂജല വകുപ്പ് | 13.93 |
| 4. | ജില്ല ഹെൽത്ത് & ഫാമിലി വെൽഫെയർ | 100.3 |
| 5. | നിർമ്മിതി കേന്ദ്രം | 25.3 |
| 6. | ക്ലീൻ കേരള കമ്പനി | 9.83 |
| ആകെ | | 385.83 |

വിവിധ ഏജൻസികളിലുള്ള നിക്ഷേപം 2014-15 മുതലുള്ളത് പൂർത്തിയാക്കാനുള്ളതായാണ് അഡ്വാൻസ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നത്. 10/03/2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിൽ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കാതെ 8 വർഷത്തിലധികമായും തുടരുന്ന അവസ്ഥയാണ്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.20/2022-23/11-10-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

2021-22 വരെയുള്ള നിക്ഷേപ പ്രവൃത്തികൾ 2023-24 വർഷത്തിൽ തന്നെ പൂർത്തീകരിച്ച് ധനവിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് മുൻകൂർ നിക്ഷേപങ്ങൾ ക്രമീകരിക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ബിറ്റുമിൻ അധിക വില കണക്കാക്കിയതിൽ അപാകം- പഞ്ചായത്തിന് 261929/- രൂപയുടെ അധികച്ചെലവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തികളിൽ ബിറ്റുമിന്റെ എസ്റ്റിമേറ്റ് നിരക്കും കരാറുകാരൻ വാങ്ങുമ്പോഴുള്ള ടാക്സ് ഇൻവോയ്സ് നിരക്കും തമ്മിൽ വലിയ വ്യത്യാസം വന്നതിനാൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാട്ടിയതിനെ തുടർന്ന് സ ഉ (ആർ റ്റി) 3815/2021/Fin Dated 30-4-2021 പ്രകാരം ഓപ്പൺ ടെണ്ടർ നടത്തുന്ന പ്രവൃത്തികളിൽ ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതിയിലെയും ഇൻവോയ്സ് തീയതിയിലെയും ബിറ്റുമിന്റെ വില വ്യത്യാസം കരാറുകാരന് അനുവദിച്ച് ഉത്തരമായിട്ടുണ്ട്. 2022-23വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 266/23 ,70/23 എന്നിവ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ അധിക വില നല്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് റോഡിൽ നിന്നും യഥാക്രമം 75259/- രൂപയും 382297/-രൂപയും വകയിരുത്തുകയും 266/23 നമ്പർ പ്രോജക്ടിന് 75259/- രൂപയും 70/23 നമ്പർ പ്രോജക്ടിന് 380017/-രൂപയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി പരിശോധിച്ചതിൽ വില വ്യത്യാസം കണക്കാക്കിയതിലെ അപാകം മൂലം പഞ്ചായത്തിന് അധികച്ചെലവ് വന്നിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് / നമ്പർ(മുൻ വർഷനമ്പർ) | കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | നല്കിയ നിരക്ക് /KG | ആകെ അധിക വില നല്കിയത് | നല്കാവുന്ന നിരക്ക് | ആകെ നല്കാവുന്ന അധിക വില | പഞ്ചായത്തിനുണ്ടായ അധിക ചെലവ് |
|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 (3x4) | 6 | 7 (3x6) | 8 (5-7) |
| 1 | പ്ലാന്തോട്ടം-ആശ്രമം റോഡ് പുനരുദ്ധാരണം<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 40/30-8-22 | ജോസഫ്ജോസഫ് | 1742.34 KG | 27.06 | 47148/- | 7.44 | 12963/- | 34185/- |
| 2 | അപ്പിമുക്ക് അമ്പലം -കാരിമുട്ടം റോഡ് റീടാറിംഗ്<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 40/30-8-22 | ജോസഫ്ജോസഫ് | 1129.41 KG | 24.89 | 28111/- | 7.44 | 8403/- | 19708/- |
| | പ്രോജക്ട് നമ്പർ 266/22-23 ബിറ്റുമിന്റെ അധികവില നല്കൽ | | | | 75259/- | | 21366 | 53893 |
| 3 | അമരമംഗലം റോഡ് റീടാറിംഗ് (48/21-22) | റിച്ചി ബനഡിക്ട് | 1046.76 | 24.89 | 26054/- | 3.38 | 3538/- | 22516/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 23/17-6-22 | | | | | | | |
| 4 | ഒട്ടാലത്ത് പടി-നമ്പ്യാണത്ത് പടി റോഡ് റീടാറിംഗ് (58/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 22/17-6-22 | സ്മിതേഷ് സിറിയക് | 1884 | 27.06 | 50981/- | 18.80 | 35419/- | 15562/- |
| 5 | ആഞ്ഞിലി പടി-ആനമൂടിക്കൽ റോഡ് റീടാറിംഗ് (104/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 27-1-2022<br>ബിൽ നം/തീ 25/17-6-22 | ആകാശ്കൃഷ്ണൻ | 1384.43 | 24.89 | 34458/- | 18.80 | 26027/- | 8431/- |
| 6 | കടമാൻചിറ തെങ്ങുംതാനം റോഡ് റീടാറിംഗ് (45/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 27-12-2021<br>ബിൽ നം/തീ 21/17-6-22 | ചെറിയാൻ സിറിയക് | 1245.80 | 24.89 | 31008/- | 7.44 | 9269/- | 21739/- |
| 7 | ബാങ്ക്പടി വരവുകാല റോഡ് റീടാറിംഗ് (49/21-22)<br>ടെണ്ടർ | റിച്ചിബനഡിക്ട് | 793 | 27.06 | 21459/- | 3.38 | 2680/- | 18779/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 24/17-6-22 | | | | | | | |
| 8 | മതുപ്പറത്ത്-കിളിമല റോഡ് റീടാറിംഗ് (60/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 19/17-6-22 | സ്മിതേഷ് സിറിയക് | 733.46 | 24.89 | 18256/- | 18.80 | 13789/- | 4467/- |
| 9 | പള്ളിപ്പടി തോപ്പിൽപ്പടി റോഡ് റീടാറിംഗ് (90/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 26/17-6-22 | ചെറിയാൻ സിറിയക് | 2762.52 | 27.06 | 74754/- | 7.44 | 20553/- | 54201/- |
| 10 | പുലിക്കോട്ടുപ്പടി-നാല്ക്കവല റോഡ് റീടാറിംഗ് (334/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 27-1-2022<br>ബിൽ നം/തീ 27/17-6-22 | ബ്രൈറ്റ്മാർക് എഞ്ചിനീയേഴ്സ് | 2255.071 | 24.89 | 56129/- | 11.48 | 25888/- | 30241/- |
| 11 | ഗംഗാനഗർ-മാങ്കാല വലിയവീട്ടിൽപ്പടി റോഡ് റീടാറിംഗ് (123/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള | ആകാശ്കൃഷ്ണൻ | 780.26 | 24.89 | 19421/- | 18.80 | 14668/- | 4753/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | അവസാന തീയതി 27-12-2021<br>ബിൽ നം/തീ 18/17-6-22 | | | | | | | |
| 12 | കോലേട്ടുപടി-പാടത്തുംകുഴി റോഡ് റീടാറിംഗ് (123/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-21<br>ബിൽ നം/തീ 20/17-6-22 | ബ്രൈറ്റ്മാർക് എഞ്ചിനീയേഴ്സ് | 1755.26 | 27.06 | 47497/- | 11.48 | 20150/- | 27347/- |
| | പ്രോജക്ട് നമ്പർ 70/22-23 പ്രോജക്ട് നമ്പർ 266/22-23 ബിറ്റുമിന്റെ അധികവില നല്കൽ | | | | 380017/- | | 171981/- | 208036/- |

സ ഉ (ആർ റ്റി) 3815/2021/Fin Dated 30-4-2021 പ്രകാരം ഓപ്പൺ ടെണ്ടർ നടത്തുന്ന പ്രവൃത്തികളിൽ ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതിയിലെയും ഇൻവോയ്സ് തീയതിയിയിലെയും ബിറ്റുമിന്റെ വില വ്യത്യാസം കരാറുകാരന് അനുവദിക്കാവുന്നതാണ്. ആയത് കണക്കാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടുകളുടെ ക്രമ നമ്പർ | നിരക്ക് | ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതിയിലെ നിരക്ക്( കരാറുകാരന് നല്കിയത്)<br>(നികുതി ഒഴികെ) 42070/MT | ഇൻവോയ്സ് നിരക്ക്<br>(നികുതി ഒഴികെ) | അനുവദിക്കാവുന്ന അധിക തുക |
|---|---|---|---|---|
| 1, 2,6,9 | ബിറ്റുമിന്റെ വില | 43.52 | 48.72 | |
| | ഓവർഹെഡ് ചാർജ് 10% | 4.35 | 4.872 | |
| | ആകെ | 47.87 | 53.592 | |
| | സി പി 10% | 4.78 | 5.3592 | |
| | ആകെ | 52.65 | 58.95 | |
| | GST 18% | 9.47 | 10.61 | |
| | Total | 62.12 | 69.56 | 7.44 |
| 3,7 | ബിറ്റുമിന്റെ വില | 43.52 | 45.88 | |
| | ഓവർഹെഡ് ചാർജ് 10% | 4.35 | 4.588 | |
| | ആകെ | 47.87 | 50.468 | |
| | സി പി 10% | 4.78 | 5.0468 | |
| | ആകെ | 52.65 | 55.51 | |

| | | | | |
|---|---|---|---|---|
| | GST 18% | 9.47 | 9.99 | |
| | Total | 62.12 | 65.5 | 3.38 |
| 4, 5, 8, 11 | ബിറ്റുമിന്റെ വില | 43.52 | 56.68 | |
| | ഓവർഹെഡ് ചാർജ് 10% | 4.35 | 5.668 | |
| | ആകെ | 47.87 | 62.348 | |
| | സി പി 10% | 4.78 | 6.234 | |
| | ആകെ | 52.65 | 68.582 | |
| | GST 18% | 9.47 | 12.34 | |
| | Total | 62.12 | 80.922 | 18.80 |
| 10 | ബിറ്റുമിന്റെ വില | 43.52 | 51.56 | |
| | ഓവർഹെഡ് ചാർജ് 10% | 4.35 | 5.156 | |
| | ആകെ | 47.87 | 56.716 | |
| | സി പി 10% | 4.78 | 5.6716 | |
| | ആകെ | 52.65 | 62.38 | |
| | GST 18% | 9.47 | 11.22 | |
| | Total | 62.12 | 73.60 | 11.48 |

ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതിയിലെയും ഇൻവോയ്സ് തീയതിയിയിലെയും ബിറ്റുമിന്റെ വില വ്യത്യാസം കരാറുകാരന് അനുവദിക്കാവുന്നതിനായി കണക്കാക്കിയതിലെ അപാകത മൂലം പഞ്ചായത്തിന് 261929/- രൂപയുടെ അധികച്ചെലവ് വന്നിട്ടുള്ളതായി കാണുന്നു. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അധിക വില കണക്കാക്കിയതിലെ അപാകത മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് 261929/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-34 ഉറവിടമാലിന്യസംസ്കരണം പഞ്ചായത്തിന് 463380/- രൂപ ബാധ്യത

വി ഇ ഒ നിർവ്വഹണഉദ്യോഗസ്ഥനായി ഉറവിടമാലിന്യ സംസ്കരണം ലക്ഷ്യമിട്ട് 2021-22 ൽ പഞ്ചായത്തിൽ നിന്നും റിംഗ് കംപോസ്റ്റ്, ബക്കറ്റ് കംപോസ്റ്റ്, ബയോകംപോസ്റ്റർ എന്നിവ വിതരണം ചെയ്യുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയും 2022-23 ൽ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തി പ്രോജക്ട് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണം നടത്തിയത് IRTC-PIU എന്ന ഏജൻസി വഴിയായിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് യഥാസമയം ശുചിത്വമിഷൻ ഫണ്ട് റിക്വസ്റ്റ് നല്കി വാങ്ങി ഏജൻസിക്ക് നല്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി കാണുന്നു.പ്രോജക്ടുകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് /നമ്പർ | ബിൽ പ്രകാരം നല്കേണ്ട തുക 1000 എണ്ണം | ചെലവഴിച്ച തുക | ബാക്കി നല്കാനുള്ളത് |
|---|---|---|---|---|
| 1 | ബക്കറ്റ് കംപോസ്റ്റ് 264/21-22 117/22-23 | ധന,കമ്മീ.ഗ്രാന്റ്- 600000/- ശുചിത്വമിഷൻ ഫണ്ട്-300000/- ഗുണ.വിഹിതം- | ധന,കമ്മീ.ഗ്രാന്റ്- 532000/-(21-22ൽ432000+22-23 ൽ 100000) ശുചിത്വമിഷൻ ഫണ്ട്-00 ഗുണ.വിഹിതം- | ധന,കമ്മീ.ഗ്രാന്റ്- 68000/- ശുചിത്വമിഷൻ ഫണ്ട്-300000/- ഗുണ.വിഹിതം- |

| | | | | |
|---|---|---|---|---|
| | | 100000/-<br>ആകെ<br>-1000000/- | 50000/-(22-23ൽ)<br>ആകെ -582000/- | 50000/-<br>ആകെ -418000/- |
| | പ്രോജക്റ്റ് /നമ്പർ | ബിൽ പ്രകാരം നല്കേണ്ട തുക<br>112 എണ്ണം | ചെലവഴിച്ച തുക | ബാക്കി നല്കാനുള്ളത് |
| 2 | റിംഗ് കംപോസ്റ്റ്265/21-22 118/22-23 | ധന,കമ്മീ.ഗ്രാന്റ്-168000/-<br>ശുചിത്വമിഷൻ ഫണ്ട്-84000/-<br>ഗുണ.വിഹിതം-28000/-<br>ആകെ<br>-280000/- | ധന,കമ്മീ.ഗ്രാന്റ്-168000/-(21-22ൽ)<br>ശുചിത്വമിഷൻ ഫണ്ട്-00<br>ഗുണ.വിഹിതം-28000(22-23ൽ)<br>ആകെ -196000/- | ധന,കമ്മീ.ഗ്രാന്റ്-00<br>ശുചിത്വമിഷൻ ഫണ്ട്-84000/-<br>ഗുണ.വിഹിതം-00<br>ആകെ -84000/- |
| | പ്രോജക്റ്റ് /നമ്പർ | ബിൽ പ്രകാരം നല്കേണ്ട തുക<br>147 എണ്ണം | ചെലവഴിച്ച തുക | ബാക്കി നല്കാനുള്ളത് |
| 3 | ബയോകംപോസ്റ്റർ 266/21-22, 119/22-23 | ധന,കമ്മീ.ഗ്രാന്റ്-158760/-<br>ശുചിത്വമിഷൻ ഫണ്ട്-79380/-<br>ഗുണ.വിഹിതം-26460/-<br>ആകെ<br>-264600/- | ധന,കമ്മീ.ഗ്രാന്റ്-158760/-(21-22ൽ)<br>ശുചിത്വമിഷൻ ഫണ്ട്-00<br>ഗുണ.വിഹിതം-26460/-22-23ൽ)<br>ആകെ -185220/- | ധന,കമ്മീ.ഗ്രാന്റ്-00<br>ശുചിത്വമിഷൻ ഫണ്ട്-79380/-<br>ഗുണ.വിഹിതം 00/-<br>ആകെ -79380/- |

ബക്കറ്റ് കംപോസ്റ്റ്

യൂണിറ്റിന് 1000/- രൂപ വിലയുള്ള ബക്കറ്റ് കംപോസ്റ്റ് 1000എണ്ണം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്ത100000/- രൂപയിൽ 50000/- രൂപ ഏജൻസിക്ക് നല്കാതെ പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു. പ്രോജക്റ്റിന് വകയിരുത്തിയ ശുചിത്വമിഷൻ ഫണ്ട് 3 ലക്ഷം രൂപ വാങ്ങിയെടുക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല.22-23 ൽ വകയിരുത്തിയ ധന.കമ്മി.ഗ്രാന്റ് 6ലക്ഷം രൂപയിൽ 68000/- രൂപ ഫണ്ടുണ്ടായിട്ടും നല്കാതെ ബാധ്യതയാക്കിയിരിക്കുന്നു.

റിംഗ് കംപോസ്റ്റ്

യൂണിറ്റിന് 2500/- രൂപ വിലയുള്ള റിംഗ് കംപോസ്റ്റ് 112എണ്ണം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്റ്റിന് വകയിരുത്തിയ ശുചിത്വമിഷൻ ഫണ്ട് 84000 രൂപ വാങ്ങിയെടുക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

ബയോകംപോസ്റ്റർ

യൂണിറ്റിന് 1800/- രൂപ വിലയുള്ള ബയോകംപോസ്റ്റർ 147എണ്ണം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്റ്റിന് വകയിരുത്തിയ ശുചിത്വമിഷൻ ഫണ്ട് 79380/-രൂപ വാങ്ങിയെടുക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

മേൽ പറഞ്ഞ 3 പ്രോജക്റ്റുകൾക്കായി ശുചിത്വമിഷനിൽ നിന്നും വകയിരുത്തിയ 463380/- രൂപ പഞ്ചായത്തിന് ബാധ്യതയായി നില്ക്കുന്നു.പ്രോജക്റ്റുകൾ പൂർത്തീകരിച്ചതിനെ തുടർന്ന് അനുമതി ലഭിച്ച തുക ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പ്രോജക്റ്റിനായി പിരിച്ചെടുത്ത തുക ഏജൻസിക്ക് നല്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിനുള്ള വിശദീകരണവും ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. പഞ്ചായത്ത് ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും വകയിരുത്തിയ തുക ശുചിത്വമിഷനിൽ നിന്നും യഥാസമയം ഡിമാന്റ് ചെയ്ത് ഇടാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് വീഴ്ച വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-35 തൊഴിൽരഹിത വേതനം -അനർഹരായവർക്ക് തുക നല്കി

ബിൽ നം 2747/2.9.22 പ്രകാരം തൊഴിൽരഹിത വേതനം നൽകുന്നതിനായി 20160 രൂപ പിൻവലിച്ച് ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. 1/22 മുതൽ 6/22 വരെയുള്ള വേതനമാണ് വിതരണം ചെയ്തിട്ടുള്ളത്.ഒരാൾക്ക് 720 രൂപ വീതം 28 പേർക്ക് വേതനം വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽരഹിത വേതനം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ പ്രായപരിധി കഴിഞ്ഞ ഗുണഭോക്താക്കൾക്ക് വേതനം വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ജനന തീയതി | വേതനത്തിന് അർഹതയുള്ള മാസം | 1/22 മുതൽ 6/22 വരെ അധികം നല്കിയത് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീജാ മോൾ.കെ.പി | 30.4.1985 | 4/20 | 720 | 5/20 മുതൽ ടിയാൾക്ക് വേതനം അനർഹമായി നല്കിയിട്ടുണ്ട് |
| 2 | വിദ്യാ.വി | 01.05.1986 | 4/21 | 720 | 5/21 മുതൽ വേതനം അനർഹമായി നല്കി |
| 3 | ടിന്റു തോമസ് | 16.8.1986 | 7/21 | 720 | 8/21 മുതൽ വേതനം അനർഹമായി നല്കി |
| 4 | ശരണ്യമോൾ.സി.എസ്. | 20.03.1987 | 2/22 | 480 | 3/22 മുതൽ വേതനം അനർഹമായി നല്കി |
| 5 | ശ്രീജ .കെ.എസ് | 20.10.1984 | 10/19 | | രജിസ്റ്റർ പ്രകാരം ടിയാൾക്ക് 1/20 വരെ തുക നല്കിയിട്ടുണ്ട്. |
| | ആകെ | | | 2640 | |

വേതനം നല്കിയ സുനിത.എസ്,മിനു മോഹൻ,സ്നേഹ.എം.എസ്,ചിഞ്ചുമോൾ .കെ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ രജിസ്ററിൽ ഇല്ല. ആയതിനാൽ ടി ഗുണഭോക്താക്കൾ വേതനത്തിന് അർഹരാണോ എന്നുള്ള വിവരം ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/9.10.23)മറുപടി ലഭിച്ചില്ല. അധികം നല്കിയ 2640 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അനർഹരായവർക്ക് വേതനം നല്കിയതിന് സെക്ഷൻക്ളർക്ക്,സെക്രട്ടറി എന്നിവർ തുല്യഉത്തരവാദികളാണ്. അധികം നല്കിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

1-36 പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തുക നൽകിയതിന്റെ വിവരം 2022-23 Advance Register-ൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നതും താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | ശീർഷകത്തിന്റെ പേര് | കൈപ്പറ്റിയ വ്യക്തി സ്ഥാപനം/ഉദ്ദേശ്യം | മുൻകൂർ തുക |
|---|---|---|---|
| 460100105 | Tour Travelling Allowance Advance | 2018 ലെ പഞ്ചായത്ത് ദിന ആഘോഷത്തിൽ പങ്കെടുക്കാൻ | 3,000/- |
| 460100199 | Other Advances | സാക്ഷരത പ്രേരകിന് മാർച്ച്-2017 ഹോണറേറിയം | 69,378/- |
| 460500501 | Advance To Implementing Officers | സാനിട്ടേഷൻ പ്രോഗ്രാം ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാകുന്നതുവരെ | 386,880/- |

460100105 ശീർഷകത്തിലുള്ള മുൻകൂർ ഏത് ഉദ്യോഗസ്ഥനാണ് നൽകിയത് എന്ന വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ ശീർഷകത്തിൽ 31/03/2023 ലെ 454,720/- രൂപ നീക്കിയിരിപ്പിൽ 67,840/- രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ടി ശീർഷകത്തിൽ അക്കൗണ്ടിങ്ങ് അപാകത മൂലം ഉൾപ്പെട്ടതാണ് എന്ന് കാണുന്നു( Advance Register ലെ സാക്ഷ്യപ്പെടുത്തൽ പ്രകാരം).

2017, 2018 വർഷങ്ങൾ മുതലുള്ള മുൻകൂറുകളാണ് 5-6 വർഷങ്ങൾക്ക ശേഷവും ക്രമീകരിക്കാതെ 31/03/2023 ലും തുടരുന്നത്. മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ വിവരം മുൻകൂർ രജിസ്റ്ററിൽ ചേർക്കാതിരുന്നത് വിശദാംശം സൂക്ഷിക്കുന്നതിലെ ന്യൂനതയാണ്. മുൻകൂറിന്റെ എല്ലാ വിശദാംശവും കണ്ടെത്തി ആയത് ക്രമീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക

കേരള വാട്ടർ അതോറിറ്റിയുടെ 3/23 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 157 പൊതു വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 31.3.23 ൽ 78,17,133 രൂപ കുടിശ്ശികയുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 4/22ലെ ഡിമാന്റ് | 3/23 |
|---|---|---|
| കുടിശ്ശിക | 60,52,892 | 76,66,748 |
| ഫൈൻ | 1,18,729 | 150385 |
| ആകെ | 61,71,621 | 78,17,133 |
| തൻമാസ വെള്ളക്കരം | 75726 | 190480 |
| ആകെ | 6247347 | 80,07,613 |

4/22 ലെ ബിൽ പ്രകാരം കുടിശ്ശികയും ഫൈനും ഉൾപ്പെടെ 62 ലക്ഷം രൂപയായിരുന്നത് മാർച്ച് 2023 ആയപ്പോൾ 78 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. 18-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക (1-22) പ്രകാരം വെള്ളക്കരമിനത്തിൽ കുടിശ്ശിക ഒന്നും അവശേഷിക്കുന്നില്ലെന്നുള്ള വിവരവും സർക്കാർ ഗ്രാന്റിൽ നിന്നും നേരിട്ട് കുറവ് ചെയ്ത വിശദാംശങ്ങളും 485901 രൂപ വാട്ടർ അതോറിറ്റിയിൽ അധികമായി അവശേഷിക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ നിലവിലും ഇപ്രകാരം 77 ലക്ഷത്തോളം രൂപ വെള്ളക്കരമിനത്തിൽ കുടിശ്ശികയാകാനുള്ള കാരണം വ്യക്തമാക്കാനും വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/9.10.23) 2010 -11 ൽ തന്നെ രണ്ട് ഗഡുക്കളായി പഞ്ചായത്ത് മുഴുവൻ കുടിശ്ശിക തുകയും അടവാക്കിയിട്ടുണ്ടെന്നും പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും വെള്ളക്കരമിനത്തിൽ ഈടാക്കിയ തുക ഡിമാന്റിൽ നിന്നും കുറവ് ചെയ്യാതെ വീണ്ടും തുടരെ തുടരെ തുകകൾ കുടിശ്ശികയായി കാണിച്ച് ഡിമാന്റ് നോട്ടീസ് നല്കി വരുകയുമാണ് ചെയ്യുന്നത് എന്നറിയിച്ചു. ടി തുകകൾ ക്രമീകരിക്കുന്നതിന് 3/23 ലും വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി നല്കി. പൊതു ടാപ്പുകളുടെ എണ്ണം 7/23 ൽ സംയുക്ത പരിശോധന നടത്തി 115 ആയി തിട്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലും 157 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റായി നല്കുന്നത്. 115 വാട്ടർ ടാപ്പുകളുടെ എണ്ണത്തിനനുസരിച്ച് വെള്ളക്കരം ഡിമാന്റ് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ വെള്ളക്കരം കുടിശ്ശിക ഒന്നും അവശേഷിക്കാത്ത സാഹചര്യത്തിൽ കുടിശ്ശികയും പലിശയും കൂടി ചേർത്ത് ഓരോ മാസവും വീണ്ടും ഭീമമായ തുക കുടിശ്ശികയുണ്ടെന്ന കാണിച്ച് വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് നല്കുന്ന വിഷയത്തിന്മേൽ പഞ്ചായത്ത് കമ്മിറ്റി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക ഒഴിവാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കണക്ഷനുകൾ നൽകി വരുന്നതിനാലും, ഗാർഹിക കണക്ഷൻ എടുക്കുന്നവർക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം ധനസഹായം നൽകുന്നതിനാലും പൊതുടാപ്പുകളുടെ എണ്ണം അത്യാവശ്യമായ പൊതു കണക്ഷനുകൾ മാത്രം നിലനിർത്തി ബാക്കിയുള്ളവ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-38 ലൈഫ് ഭവനപദ്ധതി- അവലോകനം

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം ലൈഫ് ഭവനപദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | വകയിരുത്തിയത്/ ചെലവഴിച്ചത് | വികസന ഫണ്ട് | SCP | സ്റ്റേറ്റ് ഷെയർ | തനത് ഫണ്ട് | ബ്ലോക്ക് ഷെയർ | ജില്ലാപഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 109, ലൈഫ് ഭവനം SCP | വകയിരുത്തിയത് | 2280000 | 00 | 00 | 00 | 1200000 | 2000000 | 8500000 | 13980000 |
| | ചെലവഴിച്ചത് | 160000 | 00 | 00 | 00 | 00 | 00 | 160000 | 320000 |
| 204,ലൈഫ് വസ്തുവാങ്ങലും ഭവന നിർമ്മാണവും SCP | വകയിരുത്തിയത് | 1200000 | 1142082 | 2000000 | | 1500000 | 2000000 | 7000000 | 14842082 |
| | ചെലവഴിച്ചത് | 00 | 728596 | 00 | | 1500000 | 00 | 00 | 2228596 |
| 101, ലൈഫ് ഭവനം SCP | വകയിരുത്തിയത് | | 35000 | | 5000 | | | 300000 | 340000 |
| | ചെലവഴിച്ചത് | | 35000 | | 00 | | | | 35000 |
| 205, ലൈഫ് വസ്തുവാങ്ങലും ഭവന നിർമ്മാണവും | വകയിരുത്തിയത് | 1454000 | | 5000000 | | 1500000 | 2000000 | 12846000 | 22800000 |
| | ചെലവഴിച്ചത് | 1320000 | | 00 | | 200000 | 00 | 00 | 1520000 |
| 114, ലൈഫ് ഭവനം ജനറൽ | വകയിരുത്തിയത് | 1016000 | | 6000000 | | 3680000 | 5000000 | 11825000 | 27501000 |
| | ചെലവഴിച്ചത് | 960000 | | 60000 | | 00 | 00 | 140000 | 1160000 |

ഫയലുകളുടെ സൂക്ഷിപ്പ്

- ലൈഫ് ഭവനപദ്ധതിയുടെ പ്രോജക്ട് ഫയലുകൾ പരിശോധന സാധ്യമാകും വിധം ചിട്ടപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.വിവിധ പ്രോജക്ടുകളിൽ നിന്നും ഇടകലത്തി തുക ചെലവഴിച്ചതിനാൽ ചെലവ് തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.
- അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരമുള്ള ഫണ്ട് അനുപാതം പാലിക്കാതെ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് തവണകൾ നല്കുന്നതിനാൽ ഫണ്ട് അനുപാതം പാലിക്കുന്നു എന്ന് ഉറപ്പു വരുത്താൻ കഴിയുന്നില്ല.
- ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്ന അംഗീകൃത രജിസ്റ്റർ വി ഇ ഒ സൂക്ഷിക്കുന്നില്ല
- ലൈഫ് ഭവനപദ്ധതിയിൽ കരാർ വച്ചതും ഭവനനിർമ്മാണംപൂർത്തിയാക്കിയതുമായ ഗുണഭോക്താക്കളുടെ വിവരം

| വർഷം | വിഭാഗം | കരാർവച്ച ഗുണഭോക്താക്കളുടെ എണ്ണം/വസ്തുവാങ്ങൽ പ്രോജക്ടുകൾ എണ്ണം | ഭവന നിർമ്മാണം പൂർത്തിയാക്കിയ ഗുണ ഭോക്താക്കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 2018-19 | ജനറൽ | 62 | 60 | 40000/-രൂപ അഡ്വാൻ കൈപ്പറ്റിയ സന്ധ്യ ജി, ഉറവയിൽ തുടർ പ്രവൃത്തികൾ നടത്തുകയോ തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല<br>സിനി ബൈജു പാലത്തിങ്കൽ കൈപ്പറ്റിയ 40000/-രൂപ തിരിച്ചടച്ചു |

| | | | | |
|---|---|---|---|---|
| | എസ് സി പി | 0 | 0 | |
| 2019-20 | ജനറൽ | 7 | 7 | |
| | എസ് സി പി | 1 | 0 | സുജാത പികെ, പ്രവൃത്തി പൂർത്തിയാക്കി അവസാന ഗഡു 5000/-രൂപ കൈപ്പറ്റിയില്ല |
| 2020-21 | ജനറൽ | | | |
| | എസ് സി പി | 17 | 16 | 2 ലക്ഷം കൈപ്പറ്റിയ രാജേഷ് /ബിജിമോൾ പ്രവൃത്തി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയില്ല |
| 2021-22 | ജനറൽ | 2 | 2 | |
| | എസ് സി പി | 0 | 0 | |
| 2022-23 | ജനറൽ | 25 | 0 | ഭവന നിർമ്മാണം പുരോഗമിക്കുന്നു |
| | എസ് സി പി | 6 | | |

മേൽ പറഞ്ഞത് കൂടാതെ 2020-21 ൽ 16 ഗുണഭോക്താക്കൾക്കും 2021-22ൽ 13 ഗുണഭോക്താക്കൾക്കും വസ്തു വാങ്ങുന്നതിന് 2 ലക്ഷം രൂപ വീതം സഹായം നല്കിയിട്ടുണ്ട്.

1-39 മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങൽ-432529 രൂപയ്ക്കുള്ള മരുന്നുകൾ / ഉപകരണങ്ങൾ ലഭിക്കാനവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾ പ്രകാരം മരുന്നുകൾ/ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുകകൾ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ/ ഉപകരണങ്ങൾ ലഭിച്ചതായി കാണുന്നില്ല.

| പ്രോജക്റ്റ് നം/പേര് | പ്രൊഫോർമ ഇൻവോയ്സ് നം | നല്കിയ തുക | ബിൽ നം | ഫണ്ടിനം | ലഭിച്ച സാധനങ്ങളുടെ വില | ലഭിക്കാനവശേഷിക്കുന്ന സാധനങ്ങളുടെ വില |
|---|---|---|---|---|---|---|
| 4/23 പി.എച്ച് സിക്ക് മരുന്ന് വാങ്ങൽ | PRF 3861/24.1.23 | 200000 | 290/27.1.23 | വികസനഫണ്ട് (ജനറൽ) | - | 200000 |
| 294/23 രോഗ നിർണ്ണയ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | PRF 3976/28.1.23 | 9208 | 323/9.2.23 | ഹെൽത്ത് ഗ്രാന്റ് | 4354 | 4854 |

| | | | | | | |
|---|---|---|---|---|---|---|
| 2/23 പെയിൻ & പാലിയേറ്റീവ് കെയർ | PRF 3537/11.1.23 | 500000 | 279/20.1.23 | വികസനഫണ്ട് (ജനറൽ) | 277934 | 222066 |
| | 5308/14.3.23 | 24000 | 506/28.3.23 | | 18391 | 5609 |
| ആകെ | | | | | | 432529 |

മരുന്നുകൾ/ ഉപകരണങ്ങൾ ലഭിക്കുന്നതു വരെ അവയുടെ വിലയിനത്തിലെ 432529 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-40 കുട്ടികൾക്ക് നീന്തൽ പരിശീലനം-തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം /പ്രോജക്ടിന്റെ പേര് | 169/23(new)ദുരന്ത നിവാരണം -കുട്ടികൾക്ക് നീന്തൽ പരിശീലനം | 47/23 (So) ദുരന്ത നിവാരണം -കുട്ടികൾക്ക് നീന്തൽ പരിശീലനം |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ |
| വകയിരുത്തിയ തുക | 145000(പദ്ധതി വിഹിതം) | 200000(പദ്ധതി വിഹിതം) |
| ചെലവഴിച്ച തുക /ബിൽ നം | 125000<br>504/28.03.2023 | 200000/-<br>43/28.05.2022 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂൾ കുട്ടികൾക്ക് ദുരന്ത നിവാരണത്തിന്റെ ഭാഗമായി നീന്തൽ പരിശീലനം നൽകിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളായാണ് പ്രോജക്ട് നിർവ്വഹണം നടത്തിയത്. അന്താരാഷ്ട്ര നീന്തൽ താരം ശ്രീമതി സുമി സിറിയകിന്റെ നീന്തൽ പരിശീലന കേന്ദ്രത്തിലാണ് പരിശീലനം നടത്തിയത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (12/10.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

- പരിശീലനത്തിന് സ്കൂൾ കുട്ടികളെ തെരഞ്ഞെടുത്തിന്റെ മാനദണ്ഡം
- ഏതൊക്കെ സ്കൂളുകളിലെ എത്ര കുട്ടികൾക്ക് പരിശീലനം ൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ
- പരിശീലനത്തിൽ കുട്ടികളുടെ ഹാജർ വിവരം
- പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദാംശങ്ങൾ

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട തുടർവിവരങ്ങളും വിശദാംശങ്ങളും ലഭ്യമാക്കുന്നതു വരെ പരിശീലനത്തിനായി ചെലവഴിച്ച325000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1-41 കോക്ലിയർ ഇംപ്ളാന്റെ് മെയിന്റനൻസ് തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം /പ്രോജക്ടിന്റെ പേര് | 134/23(new)കോക്ലിയർ ഇംപ്ളാന്റെ് മെയിന്റനൻസ് |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി. എസ് സൂപ്പർ വൈസർ |
| വകയിരുത്തിയ തുക | 1,00,000(വികസഫണ്ട് പൊതു വിഭാഗം) |
| ചെലവഴിച്ച തുക /ബിൽ നം | 1,00,000<br>187/18.11.2022 |

ഐ.സി.ഡി. എസ് സൂപ്പർ വൈസർ നിർവ്വഹണോദ്യോഗസ്ഥയായ കോക്ലിയർ ഇംപ്ളാന്റെ് മെയിന്റനൻസ് എന്നപ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട്, രണ്ട് ഗുണഭോക്താക്കൾക്കായി (റൂബൻ ജിമ്മി,ഇത്തിത്തറ

,തുക്കൊടിത്താനം, കോട്ടമുറി എന്ന ഗുണഭോക്താവിനും സുഹൈൽ സജി, അഴീക്കൽ, തുക്കൊടിത്താനംഎന്ന ഗുണഭോക്താവിനും ) 50000/-രൂപ വീതം സോഷ്യൽ സെക്യൂരിറ്റി മിഷനു നൽകിയിട്ടുണ്ട്. പ്രോജക്ട് തുക ചെലവഴിച്ച് കോക്ലിയർ ഇംപ്ലാന്റെ മെയിന്റനൻസ് ചെയ്ത് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ,മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഹാജരാക്കിയിട്ടില്ലായിരുന്നു. മേൽ സൂചിത വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (13/10.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതു വരെ ടീയിനത്തിൽ ചെലവഴിച്ച100000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-42 അങ്കണവാടി കെട്ടിടങ്ങളുടെ വാടക- വികസനഫണ്ട് ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | 129/23,അങ്കണവാടി കെട്ടിടങ്ങളുടെ വാടക |
| അടങ്കൽ | 295590/- വികസനഫണ്ട് |
| ചെലവ് | 295590/- ( ബിൽ നം. 197/02.12.22-147872, 443/15.03.22-147718) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിൽ സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 12 അങ്കണവാടി കെട്ടിടങ്ങൽക്ക് വാടക നൽകുന്നതിന് വികസനഫണ്ടിൽ നിന്നും മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വാടക നൽകുന്നതിന് വികസനഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ പ്രത്യേക അനുമതി / സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(16/11.10.23) മറ്റ് ഫണ്ടുകളുടെ അപര്യാപ്തത മൂലമാണ് വികസനഫണ്ട് ചെലവഴിച്ചതെന്ന് സമാപനയോഗത്തിൽ മറുപടി ലഭ്യമാക്കി. സർക്കാർ വിവിധ വികസന പ്രവർത്തനങ്ങൾക്കായി നല്കുന്ന പദ്ധതിപ്പണം വിനിയോഗിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മാർഗരേഖയ്ക്ക് വിരുദ്ധമായി നടത്തിയ 295590രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-43 അങ്കണവാടി നിർമ്മാണം-തുടർനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| | 282/23 |
| അടങ്കൽ | 600000<br><br>200000(plan Fund )+ 400000(own Fund) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 200000/-(plan Fund )<br>200000/-(own Fund) |
| ബിൽ നമ്പർ | 450/16.03.23<br>451/-16.03.23 |

പഞ്ചായത്തിലെ അങ്കണവാടിക്ക് കെട്ടിടം (55-)ാനമ്പർ നിർമ്മിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ജി.ഒ (ആർ.റ്റി) 223/17/LSGD തീയതി 27.1.17 ലെ വ്യവസ്ഥകൾ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നിർവ്വഹിക്കുന്ന രീതിയിലാണ് പ്രോജക്ട് രൂപീകരിച്ചത്. ആയതിലേക്കായി തൊഴിലുറപ്പ് പദ്ധതി വിഹിതമായി 8,00,000 രൂപയും പഞ്ചായത്ത് വിഹിതമായി6,00,000രൂപയും ,വകുപ്പ് വിഹിതമായ 200000 രൂപയും വകയിരുത്തി. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക്400000/- ട്രാൻസ്ഫർ ചെയ്തതായും കാണുന്നു.അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി സെക്ഷൻ, തൊഴിലുറപ്പ് പദ്ധതി ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ സാങ്കേതികാനുമതി നൽകിയതിന്റെയും ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്ട് അംഗീകരിക്കുകയും ചെയ്തതിന്റെയും വിശദാംശങ്ങളും, അങ്കണവാടി നിർമ്മാണം-തുടർനടപടികൾ സംബന്ധിച്ച രേഖകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17-11/10/23) മറുപടിയായി അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിയ്ക്കുന്നതുവരെ മുൻകൂറായി

അടവാക്കിയ 400000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-44 കൊക്കോട്ടുചിറയിൽ സോളാർ പദ്ധതി -തുടർനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 356/23 |
| അടങ്കൽ | 627809plan Fund )+122191(own Fund) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 426546/-(plan Fund )<br>41834/-(own Fund) |
| ബിൽ നമ്പർ | 550/28.03.23<br>576/-31.03.23 |

കൊക്കോട്ടുചിറ കുട്ടികളുടെ പാർക്കിനു സമീപത്തെ ബാഡ്മിന്റ കോർട്ടിൽ സോളാർ സിസ്റ്റം സ്ഥാപിയ്ക്കുന്നതിന് Kerala State Industrial Enterpeises Ltd (KEL) എന്ന സ്ഥാപനത്തെയാണ് ഏൽപിച്ചത്. സോളാർ പാനലുകൾ, സോളാർ യു.പി.എസ്, എക്സൈഡ് സോളാർ ബാറ്ററി എന്നിവ സ്ഥാപിച്ചിട്ടുള്ളതായി 12.10.23-ൽ നടത്തിയ ഭതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. എന്നാൽ കെ.എസ്.ഇ.ബി യുമായി കരാറിൽ ഏർപ്പെട്ടതിന്റെയും പ്രവൃത്തി പൂർത്തീകരിച്ച് കമ്മിഷൻ ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27-12/10/23) മറുപടിയായി അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. കരാർ വിവരങ്ങളും, പൂർത്തീകരണ വിശദാംശങ്ങളും ലഭ്യമാകുന്നതുവരെ KEL ന് അടവാക്കിയ 468380/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-45 ആസ്തി രജിസ്റ്റർ കാലികമാക്കൽ -തുടർനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 269/23 |
| അടങ്കൽ | 216000(plan Fund)+324000(own Fund) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 216000/-(plan Fund )<br>108000/-(own Fund) |
| ബിൽ നമ്പർ | 543/28.03.23<br>232/-22.12.23 |

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ പൊതു ആസ്തി വിവരങ്ങൾ, ജി.ഐ.എസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ തയ്യാറാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡെവലപ്പ് മെന്റിന്റെ സാങ്കേതിക സഹായവും ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി 22.10.2022ൽ തീരുമാനമെടുത്തിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.നിർവ്വഹണ ഏജൻസിയുമായി സെക്രട്ടറി കരാർ ചമച്ചതിന്റെ കൃത്യമായ രേഖകൾ (പൂർത്തീകരണ കാലയളവ് മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ. മറ്റ് നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടില്ല) ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.കരാർ തുകയുടെ 40%വും അഡ്വാൻസും നൽകിയിട്ടും പകുതി വാർഡുകളിലെയും ആസ്തി കാലികമാക്കിയിട്ടില്ല.

3.ഫയലിൽ സൂക്ഷിച്ചിട്ടുള്ള റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.കരാർ പ്രകാരം നാലു മാസകാലയളവായിരുന്നു പൊതു ആസ്തി വിവരങ്ങൾ തയ്യാറാക്കാൻ അനുവദിച്ചിരുന്ന കാലയളവ് .എന്നാൽ കരാർ കാലയളവു കഴിഞ്ഞ് ഏഴ് മാസമായിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27-11/10/23) മറുപടി ഹാജരാക്കിയിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിയ്ക്കുന്നതുവരെ മുൻകൂറായി അടവാക്കിയ 324000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-46 തെരുവു വിളക്കു പരിപാലനം അപാകതകൾ-വിശദീകരണം ലഭ്യമാക്കിയിട്ടില്ല

| | | | | |
|---|---|---|---|---|
| പ്രോജക്ട് നമ്പർ/ | 276/23<br>New | 120/23<br>SOതെരുവുവിളക്ക് | 185/23<br>SOതെരുവുവിളക്ക് | 41/23<br>SOതെരുവുവിളക്ക് |

| പ്രോജക്ടിന്റെ പേര് | തെരുവുവിളക്ക് റിപ്പയറിംഗ് (എൽ.ഇ.ഡി) | റിപ്പയറിംഗ്(ട്യൂബ്) | റിപ്പയറിംഗ് (സാധനങ്ങൾ വാങ്ങൽ) | റിപ്പയറിംഗ് (അമ്മിണി ലൈറ്റ്) 201-22 |
|---|---|---|---|---|
| അടങ്കൽ | 100000 (Own Fund) | 50000 (Own Fund) | 171736 (Own Fund) | 450000 (Own Fund) |
| ചെലവ് | 83694 | 50000 | 164343 | 448785 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| സ്ഥാപനം | ജയ് ഹിന്ദ് ഇലക്ട്രിക്കൽസ് | ജയ് ഹിന്ദ് ഇലക്ട്രിക്കൽസ് | തമ്പുരാൻ കാലയിൽ ട്രേഡ് ലിംക്സ് | അമ്മിണിലൈറ്റ്സ് |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ വര്ഷം തെരുവുവിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് നാലു പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1.തുക നൽകിയതിന് ആധാരമായ അറ്റകുറ്റപണി നടത്തിയ തെരുവുവിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ ( വാർഡ് നമ്പർ, ഇലക്ട്രിക്ക് പോസ്റ്റ് നമ്പർ, തെരുവുവിളക്കിന്റെ തരം [CFL/Flourescent Lamp/Filament Lamp/sodium Vapour Lamp Etc.], മാറ്റിയ സ്പെയർ പാർട്സ് [ ചോക്ക് / സ്റ്റാർട്ടർ/ട്യൂബ് / ഹോൾഡർ ] രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല.

2.നിലവിലുള്ള കേടായ സി.എഫ്.എൽ മാറ്റി പകരമായാണ് പുതിയ ബൾബുകൾ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ മാറ്റിയ പഴയ സി.എഫ്.എൽ വിളക്കുകളും അനുബന്ധ സാമഗ്രികളും സ്റ്റോക്കിലെടുത്തിട്ടില്ല.

3. 5.09.2011 ലെ സർക്കുലർ നം 3055/ ഡി എ 3/ 11 തസ്വഭവ പ്രകാരം തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിക്കുന്ന നിരക്ക് കെ എസ് ഇ ബി യുടെ നിരക്കിനേക്കാൾ അധികരിക്കാൻ പാടില്ലാത്തതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ കെ എസ് ഇ ബി യുടെ നിരക്ക് എത്രയാണെന്ന് രേഖപ്പടുത്തിയിട്ടില്ല.
4. മേൽ പ്രോജക്ടുകൾ കൂടാതെ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപ (ഏത് പാക്കേജ് പ്രകാരം) കെ എസ് ഇ ബി യ്ക്ക് നൽകി എന്നതിന്റെ വിവരവും , നിലാവ് പ്രവൃത്തിയുടെ പുരോഗതിയും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

5.നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല
6.പദ്ധതി ആസൂത്രണത്തിനുമുമ്പ് പഞ്ചായത്തിലെ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല.

7.ഡിസ് മാന്റിൽ ചെയ്ത സ്ട്രീറ്റ് ലൈറ്റുകളുടെ തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (36-13/10/23) മറുപടി ഹാജരാക്കിയിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതുവരെ മുൻകൂറായി അടവാക്കിയ 746822/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-47 മാലിന്യ സംസ്കരണം സജീവമാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ പ്രായോഗിക തലത്തിൽ എത്തിയിട്ടില്ല





ബൈലിംഗ് മെഷീൻ പ്ലാസ്റ്റിക് Shreding യൂണിറ്റ് എന്നിവ പ്രവർത്തന രഹിതം

കേരള പഞ്ചായത്ത് രാജ് നിയമം 166 (1) വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ( ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

സ.ഉ.(സാധാ)നം.2420/2017 തി.15/07/2017 പ്രകാരം സ്ഥാപനത്തിൽ അജൈവ മാലിന്യനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം ഹരിതകർമസേനയെ ശക്തിപ്പെടുത്താനും അവരുടെ തൊഴിൽ സാധ്യതകൾ ഉറപ്പ് വരുത്തുന്നതിനും അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ നടപടികളെടുക്കേണ്ടതിനെക്കുറിച്ച് കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. ഹരിതകർമസേനക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലും അവരെ പ്രവർത്തനക്ഷമമാക്കുന്നതിലും പരിശീലനം നൽകുന്നതിനും നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും നേതൃത്വപരമായ പ്രവർത്തനം ഉണ്ടായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഹരിതകർമസേനയെ ആദായകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളോ അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങളോ സ്ഥാപനത്തിൽ നടത്തിയിട്ടില്ല

ഹരിതകർമ്മസേനയുടെ ക്രിയാത്മക പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഹരിതകർമ്മസേന മൈക്രോ സംരംഭ ഗ്രൂപ്പുകൾ, ഹരിതകർമ്മസേന കൺസോർഷ്യം എന്നീ ഘടകങ്ങളായി തരം തിരിക്കാൻ 23.4.2018 ലെ കുടുംബശ്രീ എക്സി.ഡയറക്ടറുടെ 10394-D-2017/KSHO നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. സേനക്ക് വരുമാനം ലഭിക്കുന്നതിന് പ്രധാനമായും താഴെ പറയുന്ന പ്രകാരമുള്ള പ്രവർത്തനങ്ങളിൽ നിന്നാണ്.

- ഹരിതകർമ്മസേന അജൈവ മാലിന്യങ്ങൾ വീടുകളിൽ /സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന യൂസർ ഫീ
- പ്രദേശത്തെ ഹരിത ഉപകരണങ്ങളായ ബയോ കമ്പോസ്റ്റ്, കിച്ചൺ ബിൻ തുടങ്ങിയവയുടെ വില്പന, സർവീസ് നൽകൽ തുടങ്ങിയവയിലൂടെ ലഭിക്കുന്ന വരുമാനം
- ഹരിതകർമ്മസേന കാർഷികസേനയായി പ്രവർത്തിക്കുക വഴി വിത്തുകൾ, തൈകൾ, ഗ്രോബാഗുകൾ, ചാണകം, ജൈവവളം എന്നിവയുടെ വില്പനക്കു പുറമെ മട്ടുപ്പാവ്, കൃഷി/ ജൈവ കൃഷിക്കുള്ള സേവനങ്ങളിലൂടെ ലഭിക്കുന്ന വരുമാനം

അജൈവ മാലിന്യ ശേഖരണം മുതൽ തരം തിരിച്ച് വിപണനം നടത്തുന്നതു വരെയുള്ള പ്രവർത്തന തലങ്ങളെ

ഏകോപിപ്പിക്കുകയും ഹരിതസംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് ഹരിത സേന കൺസോർഷ്യം കൃത്യമായി ഓഡിറ്റ് ചെയ്യേണ്ടതാണ്. 5/2022 മുതൽ ക്ലീൻ കേരളയ്ക്ക് നൽകിയ വേർതിരിച്ച മാലിന്യത്തിന്റെ തുക കൺസോർഷ്യം അക്കൗണ്ടിൽ വരവു വന്നിട്ടില്ല.

ഹരിത കർമ്മ സേനയുടെ സെക്രട്ടറി ഹാജരാക്കിയ അക്കൗണ്ടിന്റെ പാസ് ബുക്ക പ്രകാരം 09.10.2023ലെ നീക്കിയിരിപ്പ് 5.78 ലക്ഷം /- രൂപയാണ്. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ ആഴ്ചകൾ കഴിഞ്ഞാണ് ബാങ്കിൽ അടവു വരുത്തുന്നത്. അതാത് ദിവസം ലഭിക്കുന്ന വരവുകൾ പിറ്റേ ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനും സേനാംഗങ്ങൾ പിരിവു തുക കൈവശം വെക്കുന്നത് ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല.

സ്ഥിരം എം. സി.എഫ്. സംവിധാനം ഇല്ല

ആകെ 20 വാർഡുകളുള്ള ഗ്രാമ പഞ്ചായത്തിൽ 38 ഹരിത കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വീടുകളിൽ കയറി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വേർതിരിക്കുന്നതിന് എം. സി.എഫ്. സ്ഥിര സംവിധാനമല്ലാത്തതിനാലും സൗകര്യങ്ങൾ കുറവായതിനാലും വേർതിരിക്കലുകൾ കാര്യക്ഷമമായി നടക്കുന്നില്ല. 11.46 ച. കി. മീറ്റർ വിസ്തൃതിയും 11480 വീടുകളും (പദ്ധതി രേഖ പ്രകാരം) 850 (സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം) ഓളം വാണിജ്യ -വ്യവസായ സ്ഥാപനങ്ങളും ഉള്ള ഗ്രാമപഞ്ചായത്തിൽ സ്ഥിരമായ എം.സി.എഫ് യൂണിറ്റ് നിർമ്മാണത്തിന് ഭൂമി കണ്ടെത്തിയിട്ടേയുള്ളൂ. നിലവിൽ മൂന്നാം വാർഡിലെ (ചേരിക്കൽ) വാടകകെട്ടിടത്തിലാണ് അജൈവമാലിന്യങ്ങൾ ശേഖരിയ്ക്കുന്നത്. പ്രസ്തുത കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള ബെയിലിംഗ് മെഷീനും, ഷ്റെഡിംഗ് മെഷീനും പ്രവർത്തന രഹിതമാണ്

ഹരിത കർമ്മസേനയുടെ പ്രവർത്തനം-രസീത് സ്റ്റോക്ക് രജിസ്റ്റർ യൂസർഫീ കളക്ഷൻ അപാകതകൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020 ലെ സ.ഉ. (സാധാ) നം. 1496/2020 പ്രകാരം മാലിന്യസംസ്കരണത്തിനായി ഹരിതകർമ്മ സേന പ്രവർത്തിക്കുമ്പോൾ അനുവർത്തിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് പ്രവർത്തന മാർഗരേഖ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ തീരുമാനിക്കുന്ന യൂസർ ഫീസ് പിരിക്കുന്നതിന് തദ്ദശ ഭരണ സ്ഥാപനത്തിലെ കൺസോർഷ്യത്തിന്റെ മേൽനോട്ടത്തിൽ രസീത്ബുക്ക് പ്രിന്റ് ചെയ്ത് സീൽ ചെയ്ത് യൂസർഫീസ് രേഖപ്പെടുത്തി യൂസർ ഫീസ് പിരിക്കേണ്ടതാണെന്ന് മാർഗരേഖ വ്യക്തമാക്കുന്നു. നിലവിൽ യൂസർഫീസ് പിരിക്കുന്നതിനായി പ്രിന്റ് ചെയ്തിട്ടുള്ള രസീത്ബുക്കുകൾ നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത് വിതരണം നടത്തുന്നില്ല. കൂടാതെ എത്ര രസീത് ബുക്കുകൾ ഇതിനായി പ്രിന്റ് ചെയ്തിരുന്നോ കളക്ഷനു വേണ്ടി ഉപയോഗിച്ചിട്ടുണ്ടെന്നോ വിശദാംശങ്ങൾ ലഭ്യമായില്ല. യൂസർ ഫീ കളക്ഷനു വേണ്ടി കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയും എല്ലാ കളക്ഷൻ തീയതികളിലും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടതാണെന്ന് മാർഗരേഖകളിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിയ്ക്കുന്നില്ല. രസീതു ബുക്കുകൾ കൃത്യമായി നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത് വിതരണം നടത്തേണ്ടതും കളക്ഷന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്. മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല

മാലിന്യം ശേഖരിയ്ക്കുന്നതിന് സ്വന്തമായി വാഹനസൗകര്യം ഇല്ല

ഹരിത കർമ്മസേനാ പ്രവർത്തകർ സ്വന്തമായി തുക ചെലവഴിച്ചാണ് വാഹനം വാടകയ്ക്കെടുത്ത് വീടുകളിലെ മാലിന്യം മിനി എം.സി. എഫുകളിലേയ്ക്കും, മിനി എം.സി. എഫുകളിൽ നിന്നും മാലിന്യം പ്രധാന എം.സി. എഫിലേയ്ക്കും എത്തിയ്ക്കുതായാണ് ഓഡിറ്റിനെ ബോധ്യപ്പെടുത്തിയത്. പ്രവർത്തകർ ചെലവഴിയ്ക്കുന്ന തുക കൺസോർഷ്യത്തിൽ നിന്നാണ് റീക്കുപ്പ് ചെയ്യുന്നത്. ഏതെല്ലാം വാർഡുകളിൽ നിന്നും ഏതൊക്കെ തീയതികളിലായാണ് പ്ലാസ്റ്റിക് ശേഖരിച്ച് എംസിഎഫിൽ എത്തിച്ചത്, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, തുക നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

തിരസ്കൃതമാലിന്യങ്ങൾ (Legasy Waste)

അവനവന്റെ മാലിന്യം അവനവന്റെ തന്നെ ഉത്തരവാദിത്തമാണെന്നിരിക്കെ മാലിന്യം കയ്യൊഴിയുന്നതിനുള്ള ചെലവ് ഗണ്യമായി കുറച്ചു കൊണ്ടുവരുന്നതിനും, ക്രമേണ പൂർണ്ണമായി ഒഴിവായി കിട്ടുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അജൈവ മാലിന്യങ്ങൾ എം.സി.എഫിൽ എത്തിച്ചതിന് ശേഷം വേർതിരിക്കുന്നതിന് പകരം സ്രോതസ്സുകളിൽ വച്ച് തന്നെ വേർതിരിച്ച് പുനരുപയോഗയോഗ്യമല്ലാത്ത മാലിന്യത്തിന് പ്രത്യേകം തുക ഈടാക്കുന്നത് പരിഗണിക്കാവുന്നതാണ്. കൂടാതെ മാലിന്യം നീക്കം ചെയ്യുന്ന ഏജൻസിയുമായി ചർച്ച ചെയ്ത് നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, തിരസ്കൃതമാലിന്യങ്ങൾ സൗജന്യമായി നീക്കം ചെയ്യപ്പെടുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക, ബെയിൽ ചെയ്ത് നൽകുക വഴി ഇവ കയ്യൊഴിയുന്നതിലൂടെ വരുമാനം ആർജ്ജിക്കുക എന്നീ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

പുനരുപയോഗയോഗ്യമല്ലാത്ത തിരസ്കൃതമാലിന്യങ്ങൾ കയ്യൊഴിയുന്നതിനുള്ള ചെലവ് കുറച്ചു കൊണ്ടുവരുന്നതിനും (ക്ലീൻ

കേരളയ്ക്ക് നൽകുന്ന തുക), ക്രമേണ ആയതിനുള്ള ബാധ്യത ഗ്രാമപഞ്ചായത്തിന് പൂർണ്ണമായി ഒഴിവായി കിട്ടുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ -സംബന്ധിച്ച്

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും, ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ കോഡ് അധിഷ്ഠിതപ്പെടുത്തിയുള്ള പ്രവർത്തനത്തിൽ എത്ര വാസഗൃഹങ്ങൾ, എത്ര വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം, കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ തനത് വരുമാനം സ്രോതസിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ ആറാം ഇനമായ ശുദ്ധമായ വെള്ളവും ശുചിത്വവും എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ തുക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് ഗണ്യമായ പുരോഗതി കൈവരിക്കേണ്ടതുണ്ട്. നിലവിലുള്ള പ്രതിസന്ധികൾ മറി കടക്കുന്നതിനുള്ള അവബോധവും പരിശീലനവും ജനങ്ങൾക്ക് നൽകുന്നതിന് കൃത്യമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. കമ്മറ്റിയുടെയും ജീവനക്കാരുടെയും അടിയന്തിരശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-48 ഹോമിയോ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (184/23) എന്ന പ്രോജക്ടിനായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) നിന്നും ബിൽ നമ്പർ 2/6.3.23 പ്രകാരം 50000/ രൂപ പിൻവലിച്ച് ഹോംകോയിൽ അടവാക്കിയിട്ടുണ്ട് . ആയതിൽ 18146 രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാകുന്നതു വരെ 18146 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-49 കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 20ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്ററിനറി സർജൻ നടപ്പിലാക്കിയ "കന്നുകുട്ടി പരിപാലനം" എന്ന 222/23 നമ്പർ പ്രോജക്ടിനായി വികസനഫണ്ട് (പൊതുവിഭാഗം) ൽ നിന്നും ₹2,50,000/-(ബിൽ നം.462/16.3.23) രൂപ പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ക്ഷീരകർഷകരുടെ ആറ് മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷ്വർ ചെയ്ത് അവയുടെ പ്രസവം വരെയോ, സബ്സിഡി അവസാനിക്കുന്നതു വരെയോ 50% സബ്സിഡി നിരക്കിൽ എല്ലാമാസവും കാലിത്തീറ്റ നൽകുന്നതാണ് പദ്ധതി. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ ടിയിനത്തിലെ ചെലവ് 250000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-50 ഗ്രാന്റ് തിരിച്ചടവ് തനത് ഫണ്ടിൽ നിന്ന് അടവാക്കി-ഗ്രാന്റ് തുക ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു

പഞ്ചായത്ത് ഫണ്ടിലുള്ള ചെലവഴിക്കാത്ത ഗ്രാന്റുകളുടെ തിരിച്ചടവ് നടത്തിയപ്പോൾ പ്രസ്തുത ഗ്രാന്റുകൾ സൂക്ഷിച്ചിരുന്ന ബാങ്ക് അക്കൗണ്ടിലെ തുക പിൻവലിക്കാതെ തനത് ഫണ്ടിൽ നിന്ന് തുക പിൻവലിച്ചതായി കാണുന്നു. ഗ്രാന്റ് തിരിച്ചടവിന്റെ വിവരം താഴെ ചേർക്കുന്നു

| ഗ്രാന്റിനം | തിരിച്ചടച്ച തുക | വൗച്ചർ നം./തീയതി |
|---|---|---|
| PYCKA(പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ) | 98,902/- | 22201168/ 26-03-2023 |
| സാക്ഷരത | 34,011/- | 22201170/ 26-03-2023 |

സാക്ഷരത ഫണ്ട് സൂക്ഷിക്കുന്ന 57049384034 നം. ബാങ്ക് അക്കൗണ്ടിൽ 31/03/2023 ൽ 34,011/- രൂപ നീക്കിയിരിപ്പുണ്ട്. PYCKA ഫണ്ട് സൂക്ഷിക്കുന്ന 67091924881 നം. ബാങ്ക് അക്കൗണ്ടിൽ 31/03/2023 ൽ 95,295/- രൂപയാണ് നീക്കിയിരിപ്പ്. PYCKA ഫണ്ട് ഗ്രാന്റ് ശീർഷകത്തിന്റെ (320100153) മുന്നിരിപ്പ് 98,902/- രൂപയായതിനാൽ ടി തുക ഗ്രാന്റ് തിരിച്ചടവായി തനത് ഫണ്ടിൽ നിന്ന് നൽകി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കി. എന്നാൽ ടി ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് 3,607/- രൂപ കുറവായിരുന്നു. ഗ്രാന്റിന്റെ അക്കൗണ്ടിങ്ങ് അപാകത

മൂലമാണോ അപ്രകാരമുള്ള വ്യത്യാസം എന്ന് വ്യക്തമാക്കേണ്ടതാണ്.

ഗ്രാന്റ് തിരിച്ചടവായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയ തുക അതാത് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് തനത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്. അപാകത പരിഹരിച്ച ശേഷം വിവരം മറുപടിയിൽ അറിയിക്കേണ്ടതാണ്.

1-51 ലൈഫ് മിഷൻ വായ്പ-3 ലക്ഷം രൂപ ചെലവഴിക്കാതെ ദീർഘകാലം ബാങ്കിൽ സൂക്ഷിക്കുന്നു

2022-23 വർഷം കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 3 ലക്ഷം രൂപ വായ്പയെടുത്തിട്ടുണ്ട്. വായ്പ തുക കാനറ ബാങ്ക് 110045308710 നം. അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ഇതിൽ 1.6 ലക്ഷം രൂപ 17/05/2022 ലും 1.4 ലക്ഷം രൂപ 17/06/2022 ലുമാണ് വായ്പ ബാങ്ക് അക്കൗണ്ടിലേക്ക് ലഭിച്ചത് എന്ന് ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ വായ്പയെടുത്ത തുക 10 മാസങ്ങൾക്ക് ശേഷം 31/03/2023 ലും ചെലവഴിക്കാതെ അവശേഷിക്കുന്നു. 31/03/2023 ലെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് പലിശയയുൾപ്പടെ 305,853/- രൂപയാണ്. ചെലവ് വരുന്നതിന് അനുസൃതമായല്ലാതെ നൽകുന്ന വായ്പ തുക മാസങ്ങളോളം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി സർക്കാരിന് പലിശ ബാധ്യത വരുത്തുന്ന സാഹചര്യമുണ്ടാക്കുന്നു. ഈ വിഷയം 13/10/2023 ൽ നടന്ന എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ വായ്പ തുക നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടില്ല എന്നാണ് ഭരണസമിതി മറുപടി നൽകിയത്.

ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്ന KURDFC വായ്പ തുക അടിയന്തിരമായി ചെലവഴിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുടർ വർഷം മുതൽ സമയബന്ധിതമായ ചെലവഴിക്കാനാവാതെ ലൈഫ് മിഷൻ പദ്ധതിക്കായി വായ്പയെടുക്കേണ്ട സാഹചര്യം ഒഴിവാക്കാൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത-3.8 ലക്ഷം രൂപയുടെ നഷ്ടം

പഞ്ചായത്ത് 2022-23 വർഷം Optical Fibre Cable(OFC) പോളുകൾ സ്ഥാപിക്കുന്നതിന് റിലൈൻസ് ജിയോയ്ക്ക് അനുമതി നൽകിയിരുന്നു. 14 എണ്ണം അപേക്ഷകൾ ലഭിച്ചതിൽ 4 എണ്ണത്തിന് അനുമതി നൽകി. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ് അടവാക്കി. ആകെ 189 പോളുകളാണ് സ്ഥാപിച്ചത് എന്ന് ഫയലിൽ കാണുന്നു. 0.6*0.6 മീറ്റർ വലിപ്പത്തിൽ Concrete Surface Cutting, Berm Cutting ഇനങ്ങളാണ് എസ്റ്റിമേറ്റുകൾ പ്രകാരമുള്ളത്. 05/01/2018 ലെ G.O.(Rt) No.30/2018/PWD നം. ഉത്തരവ്, 30/03/2018 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ എന്നിവ പ്രകാരം കട്ട് ചെയ്യുന്ന വീതിയുടെ 1.5 ഇരട്ടിയായി റീസ്റ്റോറേഷൻ ചാർജ് കണക്കാക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിൽ കട്ട് ചെയ്യുന്ന വീതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയത്. ആയതിനാൽ റീസ്റ്റോറേഷൻ ചാർജിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര്/ നീളം (Work Length) | 0.6*0.6 പോളുകൾ എണ്ണം (Number Of Poles Installed) | എസ്റ്റിമേറ്റിലെ അളവ്/ കണക്കാക്കിയ ചാർജ്(A) | കണക്കാക്കേണ്ട അളവ്/ചാർജ്(B) | റീസ്റ്റോറേഷൻ ചാർജ് നഷ്ടം(B-A) |
|---|---|---|---|---|
| കിളിമല കുരിശടി - ആരമല കിളിമല (500 മീറ്റർ) | 15 (Concrete Cutting Rate 5473.44/Sq M) | 15*0.6*0.6=5.4 5.4*5473.44 =29,557/- | 15*0.9*0.9=12.15 12.15*5473.44 =66,502/- | 36,945/- |
| കിളിമല SH സ്കൂൾ - കവിയൂർ റോഡ് കൃഷ്ണ ബേക്കറി (1340 മീറ്റർ) | 104 (Concrete Cutting Rate 5473.44/Sq M) | 104*0.6*0.6=37.44 37.44*5473.44 = 204,925/- | 104*0.9*0.9=84.24 84.24*5473.44 = 461,083/- | 256,158/- |

| | | | | |
|---|---|---|---|---|
| പീടികപ്പടി - ചെമ്പുപുറം (600 മീറ്റർ) | 18 (Concrete Cutting Rate 5473.44/Sq M) | 18*0.6*0.6=6.48 6.48* 5473.44 = 35,468/- | 18*0.9*0.9= 14.58 14.58*5473.44 =79,803/- | 44,335/- |
| | 20 (Berm Cutting Rate 359.85/Sq M) | 20*0.6*0.6=7.2 7.2* 359.85 = 2,591/- | 20*0.9*0.9= 16.2 16.2*359.85 = 5,830/- | 3,239/- |
| പുലിക്കോട്ടുപടി – പുലിക്കാപടി (600 മീറ്റർ) | 15 (Concrete Cutting Rate 5473.44/Sq M) | 15*0.6*0.6= 5.4 5.4* 5473.44 = 29,557/- | 15*0.9*0.9= 12.15 12.15*5473.44 =66,502/- | 36,945/- |
| | 17 (Berm Cutting Rate 359.85/Sq M) | 17*0.6*0.6=6.12 6.12* 359.85 = 2,202/- | 17*0.9*0.9= 13.77 13.77*359.85= 4,955/- | 2,753/- |
| ആകെ | 189 | 304,300/- | 684,675/- | 380,375/- |

അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം മേൽവിവരിച്ച നാല് പ്രവൃത്തികളുടെ അനുമതി നൽകിയതിൽ റോഡ് റീസ്റ്റോറേഷൻ ചാർജിനത്തിൽ പഞ്ചായത്ത് ഫണ്ടിന് 380,375/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അപാകതയ്ക്കും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.26/2022-23/12-10-2023) നൽകിയതിന് മറുപടിയായി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. മേൽപറഞ്ഞ റോഡുകളിൽ റോഡ് കട്ടിങ്ങ് ചാർജ് കണക്കാക്കിയ എസ്റ്റിമേറ്റ് ഫീൽഡ് പരിശോധന നടത്തി കൃത്യമാക്കി കുറവുവന്ന 380,375/- രൂപ റിലയൻസ് ജിയോയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. പുതുക്കിയ എസ്റ്റിമേറ്റിന്റെ പകർപ്പും തുക ഒടുക്കിയ രസീതും ഉൾപ്പടെ മറുപടി നൽകേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടം വന്ന തുക 380375/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബിറ്റുമിൻ അധിക വില കണക്കാക്കിയതിൽ അപാകം- പഞ്ചായത്തിന് 261929/- രൂപയുടെ അധികച്ചെലവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തികളിൽ ബിറ്റുമിന്റെ എസ്റ്റിമേറ്റ് നിരക്കും കരാറുകാരൻ വാങ്ങുമ്പോഴുള്ള ടാക്സ് ഇൻവോയ്സ് നിരക്കും തമ്മിൽ വലിയ വ്യത്യാസം വന്നതിനാൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാട്ടിയതിനെ തുടർന്ന് സ ഉ (ആർ റ്റി) 3815/2021/Fin Dated 30-4-2021 പ്രകാരം ഓപ്പൺ ടെണ്ടർ നടത്തുന്ന പ്രവൃത്തികളിൽ ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതിയിലെയും ഇൻവോയ്സ് തീയതിയിലെയും ബിറ്റുമിന്റെ വില വ്യത്യാസം കരാറുകാരന് അനുവദിച്ച് ഉത്തരമായിട്ടുണ്ട്. 2022-23വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 266/23, 70/23 എന്നിവ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ അധിക വില നല്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് റോഡിൽ നിന്നും യഥാക്രമം 75259/- രൂപയും 382297/-രൂപയും വകയിരുത്തുകയും 266/23 നമ്പർ പ്രോജക്ടിന് 75259/- രൂപയും 70/23 നമ്പർ പ്രോജക്ടിന് 380017/-രൂപയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി പരിശോധിച്ചതിൽ വില വ്യത്യാസം കണക്കാക്കിയതിലെ അപാകം മൂലം പഞ്ചായത്തിന് അധികച്ചെലവ് വന്നിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് / നമ്പർ(മുൻ | കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിന്റെ | നല്കിയ നിരക്ക് | ആകെ അധിക | നല്കാവുന്ന | ആകെ നല്കാവു | പഞ്ചായത്തിനു |
|---|---|---|---|---|---|---|---|---|

| | വർഷനമ്പർ) | | അളവ് | /KG | വില നല്കിയത് | നിരക്ക് | ന്ന അധിക വില | ണ്ടായ അധിക ചെലവ് |
|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 (3x4) | 6 | 7 (3x6) | 8 (5-7) |
| 1 | പ്ലാന്തോട്ടം-ആശ്രമം റോഡ് പുനരുദ്ധാരണം<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 40/30-8-22 | ജോസഫ് ജോസഫ് | 1742.34 KG | 27.06 | 47148/- | 7.44 | 12963/- | 34185/- |
| 2 | അപ്പിമുക്ക് അമ്പലം -കാരിമുട്ടം റോഡ് റീടാറിംഗ്<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 40/30-8-22 | ജോസഫ് ജോസഫ് | 1129.41 KG | 24.89 | 28111/- | 7.44 | 8403/- | 19708/- |
| | പ്രോജക്ട് നമ്പർ 266/22-23 | | | | 75259/- | | 21366 | 53893 |
| 3 | അമരമംഗലം റോഡ് റീടാറിംഗ് (48/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 23/17-6-22 | റിച്ചി ബനഡിക്ട് | 1046.76 | 24.89 | 26054/- | 3.38 | 3538/- | 22516/- |
| 4 | ഒട്ടാലത്ത് പടി-നമ്പ്യാണത്ത് പടി റോഡ് റീടാറിംഗ് (58/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന | സ്മിതേഷ് സിറിയക് | 1884 | 27.06 | 50981/- | 18.80 | 35419/- | 15562/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | തീയതി 13-10-2021<br>ബിൽ നം/തീ 22/17-6-22 | | | | | | | |
| 5 | ആഞ്ഞിലി പടി-ആനമൂടിക്കൽ റോഡ് റീടാറിംഗ് (104/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 27-1-2022<br>ബിൽ നം/തീ 25/17-6-22 | ആകാശ് കൃഷ്ണൻ | 1384.43 | 24.89 | 34458/- | 18.80 | 26027/- | 8431/- |
| 6 | കടമാൻചിറ തെങ്ങുംതാനം റോഡ് റീടാറിംഗ് (45/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 27-12-2021<br>ബിൽ നം/തീ 21/17-6-22 | ചെറിയാൻ സിറിയക് | 1245.80 | 24.89 | 31008/- | 7.44 | 9269/- | 21739/- |
| 7 | ബാങ്ക്പടി വരവുകാല റോഡ് റീടാറിംഗ് (49/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 24/17-6-22 | റിച്ചി ബനഡിക്ട് | 793 | 27.06 | 21459/- | 3.38 | 2680/- | 18779/- |
| 8 | മതുപ്പറത്ത്-കിളിമല റോഡ് റീടാറിംഗ് (60/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021 | സ്മിതേഷ് സിറിയക് | 733.46 | 24.89 | 18256/- | 18.80 | 13789/- | 4467/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ബിൽ നം/തീ 19/17-6-22 | | | | | | | |
| 9 | പള്ളിപ്പടി തോപ്പിൽപ്പടി റോഡ് റീടാറിംഗ് (90/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-2021<br>ബിൽ നം/തീ 26/17-6-22 | ചെറിയാൻ സിറിയക് | 2762.52 | 27.06 | 74754/- | 7.44 | 20553/- | 54201/- |
| 10 | പുലിക്കോട്ടപ്പടി-നാല്ലുവല റോഡ് റീടാറിംഗ് (334/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 27-1-2022<br>ബിൽ നം/തീ 27/17-6-22 | ബ്രൈറ്റ്മാർക് എഞ്ചിനീയേഴ്സ് | 2255.071 | 24.89 | 56129/- | 11.48 | 25888/- | 30241/- |
| 11 | ഗംഗാനഗർ-മാങ്കാല വലിയവീട്ടിൽപ്പടി റോഡ് റീടാറിംഗ് (123/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 27-12-2021<br>ബിൽ നം/തീ 18/17-6-22 | ആകാശ് കൃഷ്ണൻ | 780.26 | 24.89 | 19421/- | 18.80 | 14668/- | 4753/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | കോലേട്ടുപടി-പാടത്തുംകുഴി റോഡ് റീടാറിംഗ് (123/21-22)<br>ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 13-10-21<br>ബിൽ നം/തീ 20/17-6-22 | ബ്രൈറ്റ്മാർക് എഞ്ചിനീയേഴ്സ് | 1755.26 | 27.06 | 47497/- | 11.48 | 20150/- | 27347/- |
| | പ്രോജക്റ്റ് നമ്പർ 70/22-23 | | | | 380017/- | | 171981/- | 208036/- |

സ ഉ (ആർ റ്റി) 3815/2021/Fin Dated 30-4-2021 പ്രകാരം ഓപ്പൺ ടെണ്ടർ നടത്തുന്ന പ്രവൃത്തികളിൽ ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതിയിലെയും ഇൻവോയ്സ് തീയതിയിലെയും ബിറ്റുമിന്റെ വില വ്യത്യാസം കരാറുകാരന് അനുവദിക്കാവുന്നതാണ്. ആയത് കണക്കാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടുകളുടെ ക്രമ നമ്പർ | നിരക്ക് | ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതിയിലെ നിരക്ക് (കരാറുകാരന് നല്കിയത്) (നികുതി ഒഴികെ) 42070/MT | ഇൻവോയ്സ് നിരക്ക് (നികുതി ഒഴികെ) | അനുവദിക്കാവുന്ന അധിക തുക |
|---|---|---|---|---|
| 1, 2,6,9 | ബിറ്റുമിന്റെ വില | 43.52 | 48.72 | |
| | ഓവർഹെഡ് ചാർജ് 10% | 4.35 | 4.872 | |
| | ആകെ | 47.87 | 53.592 | |
| | സി പി 10% | 4.78 | 5.3592 | |
| | ആകെ | 52.65 | 58.95 | |
| | GST 18% | 9.47 | 10.61 | |
| | Total | 62.12 | 69.56 | 7.44 |
| 3,7 | ബിറ്റുമിന്റെ വില | 43.52 | 45.88 | |
| | ഓവർഹെഡ് ചാർജ് 10% | 4.35 | 4.588 | |
| | ആകെ | 47.87 | 50.468 | |
| | സി പി 10% | 4.78 | 5.0468 | |
| | ആകെ | 52.65 | 55.51 | |
| | GST 18% | 9.47 | 9.99 | |
| | Total | 62.12 | 65.5 | 3.38 |
| 4, 5, 8, 11 | ബിറ്റുമിന്റെ വില | 43.52 | 56.68 | |

| | | | | |
|---|---|---|---|---|
| | ഓവർഹെഡ് ചാർജ് 10% | 4.35 | 5.668 | |
| | ആകെ | 47.87 | 62.348 | |
| | സി പി 10% | 4.78 | 6.234 | |
| | ആകെ | 52.65 | 68.582 | |
| | GST 18% | 9.47 | 12.34 | |
| | Total | 62.12 | 80.922 | 18.80 |
| 10 | ബിറ്റുമിന്റെ വില | 43.52 | 51.56 | |
| | ഓവർഹെഡ് ചാർജ് 10% | 4.35 | 5.156 | |
| | ആകെ | 47.87 | 56.716 | |
| | സി പി 10% | 4.78 | 5.6716 | |
| | ആകെ | 52.65 | 62.38 | |
| | GST 18% | 9.47 | 11.22 | |
| | Total | 62.12 | 73.60 | 11.48 |

ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതിയിലെയും ഇൻവോയ്സ് തീയതിയിലെയും ബിറ്റുമിന്റെ വില വ്യത്യാസം കരാറുകാരന് അനുവദിക്കാവുന്നതിനായി കണക്കാക്കിയതിലെ അപാകത മൂലം പഞ്ചായത്തിന് 261929/- രൂപയുടെ അധികച്ചെലവ് വന്നിട്ടുള്ളതായി കാണുന്നു. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അധിക വില കണക്കാക്കിയതിലെ അപാകത മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് 261929/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

3-2 തൊഴിൽരഹിത വേതനം -അനർഹരായവർക്ക് തുക നല്കി

ബിൽ നം 2747/2.9.22 പ്രകാരം തൊഴിൽരഹിത വേതനം നൽകുന്നതിനായി 20160 രൂപ പിൻവലിച്ച് ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. 1/22 മുതൽ 6/22 വരെയുള്ള വേതനമാണ് വിതരണം ചെയ്തിട്ടുള്ളത്. ഒരാൾക്ക് 720 രൂപ വീതം 28 പേർക്ക് വേതനം വിതരണം ചെയ്തിട്ടുണ്ട്. തൊഴിൽരഹിത വേതനം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ പ്രായപരിധി കഴിഞ്ഞ ഗുണഭോക്താക്കൾക്ക് വേതനം വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ജനന തീയതി | വേതനത്തിന് അർഹതയുള്ള മാസം | 1/22 മുതൽ 6/22 വരെ അധികം നല്കിയത് | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീജാ മോൾ.കെ.പി | 30.4.1985 | 4/20 | 720 | 5/20 മുതൽ ടിയാൾക്ക് വേതനം അനർഹമായി നല്കിയിട്ടുണ്ട് |
| 2 | വിദ്യാ.വി | 01.05.1986 | 4/21 | 720 | 5/21 മുതൽ വേതനം അനർഹമായി നല്കി |
| 3 | ടിന്റു തോമസ് | 16.8.1986 | 7/21 | 720 | 8/21 മുതൽ വേതനം അനർഹമായി നല്കി |
| 4 | ശരണ്യമോൾ.സി.എസ്. | 20.03.1987 | 2/22 | 480 | 3/22 മുതൽ വേതനം |

| | | | | | |
|---|---|---|---|---|---|
| | | | | | അനർഹമായി നല്കി |
| 5 | ശ്രീജ .കെ.എസ് | 20.10.1984 | 10/19 | | രജിസ്റ്റർ പ്രകാരം ടിയാൾക്ക് 1/20 വരെ തുക നല്കിയിട്ടുണ്ട്. |
| | ആകെ | | | 2640 | |

വേതനം നല്കിയ സുനിത.എസ്, മിന മോഹൻ, സ്നേഹ.എം.എസ്, ചിഞ്ചുമോൾ.കെ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ഇല്ല. ആയതിനാൽ ടി ഗുണഭോക്താക്കൾ വേതനത്തിന് അർഹരാണോ എന്നുള്ള വിവരം ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/9.10.23) മറുപടി ലഭിച്ചില്ല. അധികം നല്കിയ 2640 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അനർഹരായവർക്ക് വേതനം നല്കിയതിന് സെക്ഷൻക്ളർക്ക്, സെക്രട്ടറി എന്നിവർ തുല്യഉത്തരവാദികളാണ്. അധികം നല്കിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 05/10/2023, 06/10/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 826,876/- രൂപയും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രോജക്ട് 2,295,334/- രൂപയും ലഭിച്ചിട്ടുണ്ട്. ജില്ല-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് മാടപ്പള്ളി | 1,500,000/- | ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും-എസ്.സി.പി (204/23) | 1,500,000/- | 0 |
| | 200,000/- | ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും-ജനറൽ (205/23) | 200,000/- | 0 |
| | 500,000/- | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും (126/23) | 500,000/- | 0 |
| | 25,700/- | (291/23) നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം | 25,700/- | 0 |
| | 65,634/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (200/23) | 65,634/- | 0 |
| | 4,000/- | വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ അടിസ്ഥാന സൗകര്യങ്ങൾ (91/23) | 4,000/- | 0 |
| | 2,295,334/- | ആകെ ബ്ലോക്ക് വിഹിതം | 2,295,334/- | 0 |
| കോട്ടയം ജില്ല പഞ്ചായത്ത് | 182,000/- | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും (126/23) | 182,000/- | 0 |
| | 100,000/- | അങ്കണവാടി അനുപൂരക പോഷകാഹാര | 100,000/- | 0 |

| | | | | |
|---|---|---|---|---|
| | | പരിപാടി ജനറൽ (1/23) | | |
| | 544,876/- | കുന്നംപുറം ഗവ. ഹൈസ്കൂൾ എൽ.പി. സ്കൂൾ മെസ് ഹാൾ, അടുക്കള നിർമ്മാണം (51/23) | 544,876/- | 0 |
| | 826,876/- | ജില്ല പഞ്ചായത്ത് വിഹിതം | 826,876/- | 0 |

പ്രോജക്ട് നം.91/23 ബ്ലോക്ക് വിഹിതം ചെലവ് 4,000/- രൂപ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക 1-6 ഷെഡ്യൂളിൽ നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് KSEB, ഭൂജല വകുപ്പ്, നിർമ്മിതി കേന്ദ്രം, NREGS ജില്ല മിഷൻ എന്നീ ഏജൻസികളിൽ സെക്രട്ടറിയുടെ പ്രോജക്ടുകൾ പ്രകാരം 18.04 ലക്ഷം രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| KSEB Ltd. | തൃക്കൊടിത്താനം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (230/23) | 250,000/- | ഇല്ല | 250,000/- |
| | വിവിധ വാർഡുകളിൽ KSEB-യുടെ പോസ്റ്റ് മാറ്റിയിടൽ (280/23) | 133,805/- | ഇല്ല | 133,805/- |
| | ആകെ | 383,805/- | ഇല്ല | 383,805/- |
| ഭൂജല വകുപ്പ്(GWD) | 50-ാം നമ്പർ അങ്കണവാടി കുഴൽക്കിണർ നിർമ്മാണം (315/23) | 250,000/- | ഇല്ല | 250,000/- |
| നിർമ്മിതി കേന്ദ്രം | ടേക്ക് എ ബ്രേക്ക് കുന്നംപുറം ജംഗ്ഷൻ പൂർത്തീകരണം (42/23) | 470,000/- | ഇല്ല | 470,000/- |
| | കുടുംബശ്രീക്ക് വേണ്ടി കൊക്കോട്ടു ചിറയിൽ ടിക്കറ്റ് കൗണ്ടർ സ്നാക്ക് സെന്റർ നിർമ്മാണം (85/23) | 300,000/- | ഇല്ല | 300,000/- |
| | ആകെ | 770,000/- | ഇല്ല | 770,000/- |
| NREGS ജില്ല മിഷൻ | അങ്കണവാടി നമ്പർ 55 കെട്ടിട നിർമ്മാണം തുക കൈമാറൽ (282/23) | 400,000/- | ഇല്ല | 400,000/- |
| ഒട്ടാകെ | | 1,803,805/- | - | 1,803,805/- |

KSEB-യിൽ പ്രോജക്ട് നം.280/23 പ്രകാരം നിക്ഷേപിച്ച 133,805/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. NREGS ജില്ല മിഷനിൽ പ്രോജക്ട് നം.280/23 പ്രകാരം നിക്ഷേപിച്ച 4 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ 333,805/- രൂപയുടെ നിക്ഷേപ തുക 31/03/2023 ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷം 3 ലക്ഷം രൂപ KURDFC വായ്പയെടുത്തിട്ടുണ്ട്. പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വർഷാരംഭത്തിൽ | തൻ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര് /ഉദ്ദേശ്യം | നമ്പർ/തിയ്യതി | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വർഷം എടുത്ത വായ്പ | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 8,864,467/- | 300,000/- | 2,034,305/- | - | 7,130,162/- |

വാർഷിക കണക്കിലെ വായ്പ മുന്നിരിപ്പ് 8,844,000/- രൂപയാണ്. 20,467/- രൂപ 2021-22 വർഷം വായ്പ തിരിച്ചടവ് തെറ്റായി അക്കൗണ്ട് ചെയ്യപ്പെട്ടതിനാലാണ് പ്രസ്തുത വ്യത്യാസം തൻവർഷവും തുടരുന്നത്. വായ്പ ശീർഷകത്തിലെ അപാകത പരിഹരിച്ച് നീക്കിയിരിപ്പ് കൃത്യമാക്കേണ്ടതാണ്.

വികസന ഫണ്ട് (General), വികസന ഫണ്ട് (SCSP) എന്നീ ഫണ്ടുകളുടെ 2022-23 വർഷത്തെ അലോട്ട്മെന്റിൽ യഥാക്രമം 1,468,429/- രൂപ, 565,876/- രൂപ എന്നിങ്ങനെ ആകെ 2,034,305/- രൂപ സ്രോതസ്സിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2022-23 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് ഖണ്ഡികകളിലെ നിർദ്ദേശങ്ങൾ പ്രകാരം 2022-23 വർഷം രണ്ട് ശീർഷകങ്ങളിൽ (350400999- 69,629/- രൂപ, 180400104- 2,624/- രൂപ) പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. 2022-23 വർഷം പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. റിക്കവറി തുകയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | അടവാക്കിയ തുക/വരവിനം | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1. | 2020-21 | Enq No.8 | 52,843/- Proj No.301/21 | അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW, തൃക്കൊടിത്താനം | 1220102209/ 07-07-2022 |
| 2. | 2020-21 | Enq No.13 | 5,162/- Proj No.109/21 | അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW, തൃക്കൊടിത്താനം | 1220102210/ 07-07-2022 |
| 3. | 2020-21 | Enq No.21 | 10,229/- Proj No.378/21 | അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW, തൃക്കൊടിത്താനം | 1220102211/ 07-07-2022 |
| 4. | 2020-21 | Enq No.7 | 895/- Proj No.369/21 | അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW, തൃക്കൊടിത്താനം | 1220102213/ 07-07-2022 |
| 5. | 2020-21 | 1-15 | 250/- തൊഴിൽ നികുതി | അനീസ എ., VEO, തൃക്കൊടിത്താനം | 1220105838/ 04-11-2022 |
| 6. | 2020-21 | 1-15 | 250/- തൊഴിൽ നികുതി | ദേവദാസ്, വില്ലേജ് ഓഫീസ് സ്റ്റാഫ്, തൃക്കൊടിത്താനം | 1220105839/ 04-11-2022 |
| 7. | 2020-21 | 1-36 | 2,624/- Proj No.128/21 | അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW, തൃക്കൊടിത്താനം | 1220105534/ 20-10-2022 |
| ഓഡിറ്റ് റിക്കവറിയായി ആകെ അടവാക്കിയത് 72,253/- രൂപ | | | | | |

ക്രമ നം.5,6 എന്നിവ 350400999 എന്ന ബാധ്യത ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. തൊഴിൽ നികുതിയിനത്തിലുള്ള 500/- രൂപ വരുമാനമായതിനാൽ Prior Period Tax റവന്യൂ ശീർഷകത്തിലേക്ക് ക്രമീകരിക്കേണ്ടതാണ്. 350400999 ശീർഷകത്തിലെ തൻവർഷം ലഭിച്ച ബാക്കി തുകയായ 69,129/- രൂപ സർക്കാരിലേക്ക് നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള

സമാഹൃത റിപ്പോർട്ടുകളിൽ(Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി സംബന്ധമായ അപാകതകൾ | |
| 2014-15 | 2-3-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3-1, 2-3-2, 2-3-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |
| 2019-20 | 1-19 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ- പി.എച്ച്.സി. നടപ്പാക്കിയ പ്രോജക്ടുകൾ- അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 101,446,266/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 75,258,212/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 162,675,183/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 157,644,981/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 380,375/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 264,569/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,360,467/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 380,375/- | - | രഞ്ജൻ റ്റി. , സെക്രട്ടറി |
| 3-1 | - | 261,929/- | മരിയ തെരേസ കുര്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 2,640/- | രഞ്ജൻ റ്റി. , സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | 380,375/- | 264,569/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 432,529/- | ഡോ. ഷീജ ഫിലിപ്പ്, മെഡിക്കൽ ഓഫസർ(PHC) |
| 1-40 | 325,000/- | എസ്. പ്രകാശ്, ഹെഡ്മാസ്റ്റർ |
| 1-41 | 100,000/- | ദീപ്തി വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-42 | 295,590/- | ദീപ്തി വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-43 | 400,000/- | രഞ്ജൻ റ്റി. , സെക്രട്ടറി |
| 1-44 | 468,380/- | രഞ്ജൻ റ്റി. , സെക്രട്ടറി |
| 1-45 | 216,000/- | രഞ്ജൻ റ്റി. , സെക്രട്ടറി |
| 1-45 | 108,000/- | ദീപ എം. കുര്യാക്കോസ്, സെക്രട്ടറി ഇൻ ചാർജ് |
| 1-46 | 746,822/- | രഞ്ജൻ റ്റി. , സെക്രട്ടറി |
| 1-48 | 18,146/- | ഡോ. ശാന്തി മറിയം ജോസ്,<br>മെഡിക്കൽ ഓഫസർ(ഹോമിയോ) |
| 1-49 | 250,000/- | ഡോ. സ്റ്റെല്ല സണ്ണി, വെറ്റിനറി സർജൻ |
| ആകെ | 3,360,467/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക-നം. | ഇനം | തുക |
|---|---|---|
| 1-12 | CGST | 5,733/- |
| | SGST | 5,733/- |
| ആകെ | | 11,466/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം.1-21, 1-24, 1-26, 1-37

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രഞ്ജൻ റ്റി. , സെക്രട്ടറി | സെക്രട്ടറി,<br>അഞ്ചൽ ഗ്രാമപഞ്ചായത്ത്,<br>കൊല്ലം ജില്ല | അദ്വൈതം, ചെമ്പകേരമനല്ലൂർ,<br>അഞ്ചൽ (പി.ഓ.),<br>കൊല്ലം - 691306 |
| മരിയ തെരേസ കുര്യൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>KSEB Ltd., പള്ളം,<br>കോട്ടയം ജില്ല | ഇലഞ്ഞിക്കൽ ഹൗസ്,<br>എക്സൽ നഗർ 134,<br>കുരിശുമ്മൂട്(പി.ഓ.)<br>ചങ്ങനാശ്ശേരി-686104. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/10/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 & 2001-02 | എൽ.എഫ്.കെ.പി8-668/2003/ 14.11.2003/06.12.2003 (ജനകീയാസൂത്രണം) | 20 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(8)/2022 /27.08.2022 | 3 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(9)/2022 /27.08.2022 | 3 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(10)/2022 /27.08.2022 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(11)/2022 /27.08.2022 | 2 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(12)/2022 /27.08.2022 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1870(13)/2022 /27.08.2022 | 7 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/766/2017/05.01.2018 /16.01.2018 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി10/1425/2017/ 14.12.2017 | 20 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി10-1436/2018/ 17.10.2019 | 26 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി10/അദാ-2022/1399/2022 /27.08.2022 | 12 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി10/1809/2022/ 27.10.2022 | 6 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി10/676/2022/ 11.07.2023 | 33 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി10/362/2023/ 27.03.2023 | 50 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thrikkodithanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thrikkodithanam Grama Panchayat for the year 2022-2023

Date: 12/12/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Thrikkodithanam Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non Disclosure of Assets-Assets not classified and evaluated. Asset Register has not updated.
2. Non Disclosure of Capital Contribution-Captal contribution register and details not kept.
3. General Fund Details not maintained. Source data not avilable for the value of total General Fund as on 31.03.2023.

**2.Other Observations**

1. Assets generated during current year-detailed project wise and fundwise data not provided.
2. Details of Capital Work in Progress not availble due to lack of register.
3. Depreciation of 43.27 lakhs provided for assets. But calculation sheet not provided by the Secretary.
4. Government and other dues register is not kept.
5. Demand-Collection-Balance details of Rent, Professon Tax, License are not matched with AFS.
6. Accrual accounting of contingent expenditures for the year booked in a single liability account head eventhough proper accounting heads are available.
7. Road Cutting charge received accounted in 2 different head of account instead of one.
8. Current year OFC pole rent demand entry accounted as arrear rent demand.
9. EMD for auction not adjusted as receipt.
10. Cost of Empty Barrel accounted in 2 different head of account instead of one.
11. Details of Prior Period Income/Expenditure not certified and submitted as notes on account.

12. Correctness of Redumption amount on 31/03/2023 not ensured.
13. An amount of 133,805/- deposited in KSEB as per project no.280/23 not accounted in specific deposit head of account.
14. An amount of 2 Lakhs deposited in NREGS Mission as per project no.282/23 not accounted in specific deposit head of account.
15. Advance to NREGS are accounted as accrual payments instead of direct payments.
16. Opening balance of KURDFC Loan differs (Rs. 20,467/-) from Loan Register.
17. Details of Bank account (450210102 co-operative bank account) as per balance sheet (B-17 schedule) not produced during audit.
18. Audit Recovery to Panchayath Fund wrongly accounted as Liability.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്